
www.malankaralibrary.com

ജൂൺ 2025

# ക്രൈസ്തവ കാഹളം



www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. സ്വീകാര്യമായ സമയത്തു നിന്റെ ദാസ്യതയും കന്യത്വവും അവിടുന്നു മാനിച്ചു ഫലവത്താക്കി. അതിനാൽ രക്ഷയുടെ ദിവസം പാപികളായ ഞങ്ങൾക്കു വന്നുചേർന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.



ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി ആശംസകൾ അറിയിക്കുന്നു.

www.malankaralibrary.com




www.malankaralibrary.com

ജൂൺ 2025 വാല്യം 86 ലക്കം 6

# ഉള്ളടക്കം

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു


ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4




എഡിറ്റോറിയൽ 05
പിതൃമൊഴി 07
പുതുയുഗപ്പുലരി 09
ദുർബലരുടെ പക്ഷം ചേരാൻ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് പുതിയ മാർപ്പാപ്പ 28
ഐക്യത്തിന്റെ ദൂതുമായി സഭയുടെ അമരത്ത് 32

www.malankaralibrary.com




# ദൈവം മറച്ചുപിടിച്ച പരിശുദ്ധ ലെയോ മാർപാപ്പ

2025 മെയ് 8 വ്യാഴാഴ്ച സന്ധ്യയിൽ റോമിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ജനം തടിച്ചുകൂടിയിരുന്നു. സാർവ്വത്രിക സഭയ്ക്ക് പുതിയ മാർപാപ്പായെ ലഭിക്കുവാൻ പോകുന്നു. സിസ്റ്റെയിൻ ചാപ്പലിന്റെ ചിമ്മിനിയിലെ പുകക്കുഴലിൽ നിന്നും മൂന്നാം പ്രാവശ്യം ഉയർന്നത് വെളുത്ത പുകയായിരുന്നു. ജനം ആകാംഷാഭരിതരായി. സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ ബാൽക്കണിയിൽ കുറച്ച് സമയം കൂടി കഴിഞ്ഞാൽ കർദിനാൾ സംഘത്തിലെ മുതിർന്നയാൾ പ്രത്യക്ഷനാകും. ലോകം കാത്തിരിക്കുന്ന സന്തോഷവാർത്ത അറിയിക്കും. 'ഹബേമൂസ് പാപ്പാം'! അതെ, നമുക്കൊരു പാപ്പയെ കിട്ടിയിരിക്കുന്നു. കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് പുതിയ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ജന്മം കൊണ്ട് അമേരിക്കൻ, കർമ്മഭൂമി ലാറ്റിനമേരിക്കൻ രാജ്യമായ പെറു, അഗസ്തീനിയൻ സന്യാസി. 2013ൽ ഫ്രാൻസിസ് മാർപാപ്പ തെരഞ്ഞെടുക്കപ്പെടുമ്പോൾ ഒരു വൈദികൻ മാത്രമായിരുന്നു അദ്ദേഹം. അന്നുമുതൽ ഈ വൈദികൻ ലോകമെങ്ങും പരന്നുകിടക്കുന്ന 140 കോടി കത്തോലിക്കാ ജനതതിയെ നയിക്കുവാനുള്ള മഹാഇടയനായി വളർന്നുവന്ന വഴികൾ നാം ആരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ദൈവം മറച്ചുപിടിച്ച് സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ ഈ മനുഷ്യനെ എത്തിച്ചു എന്നുവേണം കരുതാൻ. കോൺക്ലേവ് കഴിഞ്ഞ് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് ബാവാ തിരുമേനി ചില കാര്യങ്ങൾ പറഞ്ഞിരുന്നു. അത് വളരെ ശ്രദ്ധേയമാണ്. സിസ്റ്റെയിൻ ചാപ്പലിലേക്ക് കയറുന്ന ഓരോ കർദിനാളും തങ്ങൾ ചെയ്യാൻ പോകുന്ന കാര്യത്തിന്റെ ഗൗരവം അങ്ങേയറ്റം മനസിലാക്കിയിട്ടുള്ളവരാണ്. അവരെല്ലാവരും അവിടെ പ്രവേശിക്കുന്നത് ഒരു സ്വകാര്യ ആവശ്യത്തിനല്ല. ദൈവഹിതം തേടുന്നതിനും പരിശുദ്ധാത്മ പ്രചോദനത്താൽ ദൈവഹിതം നടപ്പിലാക്കുന്നതിനുമാണ്. അവിടേക്ക് കയറുമ്പോൾ അവരുടെയെല്ലാവരുടെയും മനസ്സിൽ ഒന്നോ രണ്ടോ പേരുകൾ ഉണ്ടാവുക സ്വാഭാവികമാണ്. എന്നാൽ ആദ്യ രണ്ട് ഘട്ടം വോട്ടെടുപ്പ് കഴിയുമ്പോൾ ദൈവഹിതം വെളിപ്പെട്ടുതുടങ്ങും. തങ്ങളുടെ മനസ്സിലുള്ള പേരിൽ നിന്നും ഒരുപക്ഷേ മറ്റൊരാളിലേക്ക് മനസ്സുനീങ്ങുന്ന ഒരു ദൈവീക വ്യാപാരം അവിടെ നടക്കും. അതിന് ചെവി കൊടുക്കാതെ ഓരോരുത്തരും തങ്ങളുടെ മനസ്സിലുള്ളവരുമായി വീണ്ടും



www.malankaralibrary.com

മുന്നോട്ട് പോയാൽ ഈ കോൺക്ലേവ് അനന്തമായി നീണ്ടുപോകും. എന്നാൽ ഒരു മാർപാപ്പയുടെ തെരഞ്ഞെടുപ്പ് തികച്ചും ദൈവീക പദ്ധതിയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ നടക്കുന്നതുമാണെന്ന് ലോകത്തിന് ബോധ്യപ്പെട്ട തെരഞ്ഞെടുപ്പായിരുന്നു പരിശുദ്ധ ലെയോ മാർപാപ്പയുടേത്.

നലോകം മുഴുവൻ മെയ് 8 സന്ധ്യവരെയും ചർച്ച ചെയ്തതും പ്രചരിപ്പിച്ചതും മറ്റുചില പേരുകളായിരുന്നു. ഒളിക്യാമറകൾ വെച്ച് എല്ലാ മഹാരഹസ്യങ്ങളും ഒരു മുഴം മുൻപേ നമ്മുടെ അടുക്കൽ എത്തിക്കുന്ന ലോക മാധ്യമങ്ങൾ കത്തോലിക്കാസഭയുടെ സംവിധാനങ്ങളിൽ ഒരുതവണകൂടി പകച്ചുപോയി. ഒരു പുകക്കുഴലിലേക്ക് ലോകം മുഴുവൻ ആകാംഷയോടെ കാത്തിരുന്ന വാർത്തയ്ക്കായി ക്യാമറക്കണ്ണുകൾ തിരിച്ചുവച്ചത് അത്ഭുതത്തോടെ മാത്രമേ കാണാൻ കഴിയൂ. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. ദൈവം കാണുന്നതുപോലെയാണ് സഭ കാണാൻ ശ്രമിക്കുന്നത്. ആ പരിശ്രമത്തെ കേവലം മാനുഷികമായ അളവുകോലുകൾ കൊണ്ട് വിലയിരുത്താൻ ശ്രമിക്കുന്നത് മൗഢ്യമാണ്. പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പയുടെ തെരഞ്ഞെടുപ്പിലൂടെ ലോകം കണ്ടത് അതാണ്.

ലോകം കണ്ട മഹാചക്രവർത്തിമാർക്ക് പലർക്കും പിൻഗാമികളില്ല, വലിയ രാജാക്കന്മാർക്ക് പിൻഗാമികളില്ല, ലോകം കീഴടക്കിയ ഭരണാധികാരികൾക്ക് പിന്നീട് പിൻഗാമികളില്ല. പ്രത്യയ ശാസ്ത്രങ്ങൾ ഏറ്റെടുത്തവർക്ക് പിന്നീട് പിൻഗാമികളില്ല. എന്നാൽ പത്രോസ് എന്ന മുക്കുവന് രണ്ടായിരം വർഷം കഴിയുമ്പോഴും പിൻഗാമിയുണ്ട്. മനുഷ്യ നിർമ്മിത സംവിധാനങ്ങൾക്ക് പരിമിതികളുണ്ട്. ദൈവത്തിന്റെ കരങ്ങളാൽ രൂപപ്പെട്ടതിന് പരിമിതികളെ അതിജീവിക്കാനുള്ള ദൈവകൃപയുണ്ട്. ദൈവകരങ്ങളുടെ അദൃശ്യസാന്നിധ്യമുണ്ട്. ഓരോ മാർപാപ്പായുടെയും ശ്ലൈഹീക ശുശ്രൂഷ ഇപ്രകാരം ദൈവത്തിന്റെ അദൃശ്യ കരങ്ങളാൽ അനുദിനം അഭിഷേകം സ്വീകരിച്ച് മുന്നോട്ട് പോകുന്നതാണ്. അതിന്റെ മുന്നിലാണ് ലോകം കൂപ്പുകരങ്ങളോടെ നിന്നത്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ കബറടക്ക ശുശ്രൂഷയിലും പരിശുദ്ധ ലെയോ മാർപാപ്പയുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും ലോകം അതാണ് കണ്ടത്. എല്ലാവരും അതിന്റെ നന്മയും അതിന്റെ മഹത്വവും സന്തോഷത്തോടെ പങ്കിട്ടപ്പോൾ ഹൃദയശുദ്ധിയില്ലാത്തവർ അതിനെ പരിഹസിച്ചു. 'ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും'. പത്രോസ് റോമിൽ പോയിട്ടില്ലായെന്നും മാർപാപ്പ വെറും ഇറ്റലിക്കാരനാണെന്നും പറഞ്ഞ് ആത്മരതിയിൽ മുഴുകുന്നവർ ദൈവത്തെ കാണില്ല, ദൈവമഹത്വം ദർശിക്കില്ല. അവരെ ചുമക്കുന്നവരുടെ കാര്യം അതിനെക്കാൾ കഷ്ടമാണ്.





**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com



www.malankaralibrary.com

പിതൃമൊഴി

# പരിശുദ്ധാത്മാവിനാൽ പൂർത്തിയാക്കപ്പെടുന്ന ദൈവിക പദ്ധതിയുടെ അടയാളം

ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായി പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ തെരഞ്ഞെടുക്കപ്പെട്ടു. നിങ്ങൾക്ക് യോജിച്ച ഇടയൻമാരെ ഞാൻ തരുമെന്നുള്ള ദൈവവാഗ്ദാനത്തിന്റെ പൂർത്തീകരണമോർത്ത് ദൈവതിരുമുമ്പാകെ നന്ദി നിറഞ്ഞ ഹൃദയത്തോടെ നാം മുട്ടുകൾ മടക്കേണ്ട സമയമാണിത്. പത്രോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ ബലഹീനനായ എനിക്ക് പങ്കെടുക്കാൻ ലഭിച്ച അവസരം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ദൈവം തരുന്ന അംഗീകാരമായും അനുഗ്രഹമായും നാം മനസിലാക്കണം.

ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ മാർപാപ്പായെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ രണ്ടു തവണ പങ്കെടുക്കാനായത് ഏറെ പ്രത്യേകതയുള്ള ഒരു കാര്യമാണ്. രണ്ടു കോൺക്ലേവുകളും വ്യത്യസ്തമായ അനുഭവങ്ങളാണ് സമ്മാനിച്ചത്. ആദ്യത്തേത് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനത്യാഗത്തെ തുടർന്നായിരുന്നുവെങ്കിൽ രണ്ടാമത്തേത് പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ അപതീക്ഷിതമായ ദേഹവിയോഗത്തെ തുടർന്നായിരുന്നു. രണ്ടും വളരെ വ്യത്യസ്തങ്ങളായ അനുഭവങ്ങളായിരുന്നു.

ആധുനിക കാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്? അതിനോട് സഭയുടെ പ്രതികരണം എന്തായിരിക്കണം? പുതിയ പാപ്പ അഭിമുഖീകരിക്കേണ്ടി വരുന്ന അടിയന്തിര വിഷയങ്ങൾ, അതിനോടുള്ള പാപ്പായുടെ സമീപനം തുടങ്ങിയവയൊക്കെ കോൺക്ലേവിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കോൺക്ലേവിൽ പങ്കെടുക്കുന്ന എല്ലാ കർദ്ദിനാൾമാർക്കും അവരുടെ അഭിപ്രായം പൊതുവായി രേഖപ്പെടുത്താനുള്ള സമയം അനുവദിച്ചിട്ടുണ്ട്. മിക്കവാറും എല്ലാവരും തന്നെ ആ സമയം ഫലപ്രദമായി വിനിയോഗിച്ചിട്ടുമുണ്ട്. സത്യത്തിൽ ആ അഭിപ്രായ പ്രകടനങ്ങളൊക്കെത്തന്നെ പുതിയ പാപ്പായോടു വളരെ സ്വാതന്ത്ര്യത്തോടെ നടത്തുന്ന സംഭാഷണങ്ങളാണ്. കാരണം പുതിയ പാപ്പാ അക്കൂട്ടത്തിലിരിക്കുകയും അതൊക്കെ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ടല്ലോ!

മീഡിയയിൽ ധാരാളം പ്രവചനങ്ങളും പരാമർശങ്ങളുമൊക്കെ വന്നിരുന്നു. അതൊക്കെ ഞങ്ങളും ശ്രദ്ധിച്ചിരുന്നു. പക്ഷെ കോൺക്ലേവിലെ പശ്ചാത്തലവും രീതിയും മുൻഗണനകളുമൊക്കെ വളരെ വ്യത്യസ്തമാണ്. മാനുഷികമായ ചിന്തയല്ല പരിശുദ്ധാത്മാവിന്റെ ഇടപെടലിനാണ് അവിടെ പ്രാധാന്യമുള്ളത്. അഭിപ്രായ ഐക്യം രൂപപ്പെടുത്താൻ പരിശുദ്ധാത്മാവിന്റെ ഇടപെടൽ അനിവാര്യമാണ്. മാനസിക ഐക്യം രൂപപ്പെടു



www.malankaralibrary.com

ത്താൻ ദൈവിക ഇടപെടൽ അനിവാര്യമാണ്. ആർക്കെങ്കിലും മുൻഗണന കൊടുക്കണമെന്ന രീതിയിലുള്ള മാനുഷികമായ ഒരിടപെടലും ഒരിക്കലും ഉണ്ടായിട്ടില്ല.

പുതിയ പാപ്പായെ തെരഞ്ഞെടുക്കുന്ന രീതി വളരെ സുതാര്യമാണ്. കർദ്ദിനാൾമാരുടെ ഇരിപ്പിടം ക്രമീകരിച്ചിരിക്കുന്നത് അവർ ആ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട തീയതിയുടെ ക്രമത്തിലാണ്. ഒരു വിസിറ്റിംഗ് കാർഡിന്റെ വലിപ്പം വരുന്ന ഒരു കാർഡിൽ പേരെഴുതി പ്രാർത്ഥന ചൊല്ലി അത് പെട്ടിയിൽ നിക്ഷേപിക്കും. ആത്മീയമായ ഒരു പശ്ചാത്തലത്തിൽ മാത്രം നടക്കുന്ന ഒരു കാര്യമാണിത്. വേറിട്ട ഒരനുഭവമാണിത്. കോൺക്ലേവിൽ പങ്കെടുക്കുന്നത് ലോകത്തിന്റെ തന്നെ ഒരു പരിച്ഛേദമാണ്. വിവിധ ഭൂഖണ്ഡങ്ങൾ, രാജ്യങ്ങൾ, ഭാഷകൾ, രൂപതകൾ തുടങ്ങി വ്യത്യസ്തരായ മനുഷ്യ സമൂഹങ്ങളിൽ നിന്നു വന്നിട്ടുള്ളവർ.

പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ തന്റെ ശുശ്രൂഷ ആരംഭിച്ചിട്ടേയുള്ളൂ. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയിൽ നാം കണ്ടിട്ടുള്ള ഒരു തുറവിയും അതേസമയം പരിശുദ്ധ ബനഡിക്ട് പാപ്പായിൽ നാം കണ്ടിട്ടുള്ള കത്തോലിക്കാസഭയുടെ പൈതൃകവും പാരമ്പര്യവും സംരക്ഷിക്കാനുള്ള താൽപ്പര്യവും ഒന്നുപോലെ പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പയിൽ കാണാൻ കഴിയും. സഭാ പ്രബോധനങ്ങളിലുള്ള ഉറപ്പും തുറവിയും സമ്മേളിക്കുന്ന വ്യക്തിത്വമാണ് പുതിയ പാപ്പായുടേത്. യാഥാർത്ഥ്യങ്ങളെ യാഥാർത്യങ്ങളായി കണ്ടുകൊണ്ടു തന്നെ അദ്ദേഹം മനുഷ്യരോട് തുറവി പുലർത്തും.

കഴിഞ്ഞ ദിവസം അദ്ദേഹം പറഞ്ഞ ഒരു കാര്യം വിവാഹമെന്നത് സ്ത്രീയും പുരുഷനും തമ്മിൽ നടക്കേണ്ട ഒരു ബന്ധമാണ്. അതേസമയം മറ്റു മതങ്ങളുമായുള്ള സംവാദങ്ങൾ, യുദ്ധങ്ങൾ, മനുഷ്യന്റെ കഷ്ടപ്പാടുകൾ എന്നിവയെല്ലാം പരാമർശിക്കപ്പെട്ടു. വിവിധ രാജ്യങ്ങളിൽ നിന്നുവന്ന പ്രതിനിധികളെയൊക്കെ ആദരപൂർവം സ്വീകരിച്ചു. അപ്രകാരമൊരു ബാലൻസ് നിലനിർത്തുക എന്നത് ഒരു നല്ല നേതൃത്വത്തിന്റെ പക്വതയാണ്.

പരിശുദ്ധ പിതാവിനോട് ആദ്യമായി സംസാരിച്ചപ്പോൾ എനിക്ക് ഒട്ടും അപരിചിതത്വം തോന്നിയില്ല. വളരെ സ്വാതന്ത്ര്യത്തോടെ സംസാരിക്കാനായി. അത് ഭാഷ കൊണ്ടു മാത്രമല്ല, മനസുകൊണ്ട് അടുത്തു സംസാരിക്കാനായി എന്നത് വലിയ ഭാഗ്യമാണ്.

പരിശുദ്ധ പിതാവുമായുള്ള കൂടിക്കാഴ്ചയിൽ നമ്മുടെ നാട്ടിലേക്ക് അദ്ദേഹത്തെ ഞാൻ ക്ഷണിക്കുകയുണ്ടായി. അദ്ദേഹമത് സസന്തോഷം കേട്ടു. ഗവൺമെന്റുകൾ തമ്മിലുള്ള ഒരു ധാരണയിൽ നടക്കേണ്ടുന്ന കാര്യം കൂടിയാണല്ലോ അത്. അദ്ദേഹം കൊച്ചിയിലും വയനാട്ടിലുമൊക്കെ വന്നിട്ടുള്ള കാര്യം ഞാൻ പരാമർശിച്ചപ്പോൾ സന്തോഷത്തോടെ അതൊക്കെ അദ്ദേഹം ഓർത്തെടുത്തു. നമ്മുടെ നാടിനേക്കുറിച്ച് സന്തോഷകരമായ ഓർമയാണ് അദ്ദേഹത്തിന്റെ ഉള്ളിലുള്ളത്. വീണ്ടും ഇന്ത്യയിലേക്കു വരാൻ അദ്ദേഹത്തിനു സന്തോഷവുമാണ്. സർക്കാർ ഔദോഗികമായി അദ്ദേഹത്തെ ക്ഷണിക്കണം.

ദൈവം തന്റെ അദ്ഭുതകരമായ പദ്ധതിയിൽ തന്നെ സ്നേഹിക്കുന്നവർക്ക്, തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കാര്യത്തിൽ ഇത് അക്ഷരാർത്ഥത്തിൽ ശരിയാണ്. സഭയെ നയിക്കാൻ ലെയോ പതിനാലാമൻ എന്ന പേരിൽ പുതിയ പാപ്പാ രംഗപ്രവേശം ചെയ്യുമ്പോൾ ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതികളുടെ നിവർത്തിയാകലിന് നാം സാക്ഷികളാവുന്നു. കാലാകാലങ്ങളോളം ഇനിയും അതു തുടരുകയും ചെയ്യും.

പത്രോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള സഭയുടെ ഈ വലിയ ദൗത്യത്തിൽ പങ്കെടുക്കാൻ എനിക്കു ലഭിച്ച നിയോഗത്തെ പ്രാർത്ഥനകൊണ്ടും പ്രചോദനംകൊണ്ടും ബലപ്പെടുത്തിയ സകലർക്കും നന്ദി!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ
മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്

www.malankaralibrary.com



# പുതുയുഗപ്പുലരി

# പരിശുദ്ധ ലെയോ പതിനാലാമൻ

## മാർപാപ്പയുടെ ജീവചരിത്രം



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

വത്തിക്കാനിലെ സിസ്റ്റീൻ ചാപ്പലിന്റെ മുകളിലുള്ള ചെറിയ പുകക്കുഴലിലൂടെ മെയ് എട്ടാം തീയതി പുറത്തേയ്ക്ക് വന്ന വെളുത്ത പുക വളരെ രഹസ്യമായി നടന്ന ഒരു തിരഞ്ഞെടുപ്പിന്റെ ആനന്ദകരമായ അന്ത്യത്തിന്റെ ബാഹ്യപ്രകടനമായിരുന്നു. കണ്ണടച്ച് തുറക്കും മുൻപേ പത്രോസിന്റെ ബസിലിക്കയുടെ മുൻപിലുള്ള ചത്വരം ജനങ്ങളെക്കൊണ്ട് നിറഞ്ഞു. ദേവാലയമുകളിൽ നിന്നും മുഴങ്ങിയ ഉച്ചത്തിലുള്ള മണിയുടെ സ്വരം ഒരു മാർപാപ്പയെ ലഭിച്ചിരിക്കുന്നുവെന്ന സന്തോഷവാർത്തയുടെ അലയൊലികൾ ഭൂമിയുടെ നാല് ദിക്കിലും എത്തിച്ചു. എല്ലാ നയനങ്ങളും പത്രോസിന്റെ ബസിലിക്കായുടെ മുന്നിലെ ബാൽക്കണിയിൽ തൂക്കിയിട്ട ചുവന്ന വെൽവെറ്റ് കർട്ടനിലേക്കും അതിന്റെ പിന്നിലായി പ്രത്യക്ഷപ്പെടാൻ പോകുന്ന പുതിയ മാർ പാപ്പയിലേക്കും തിരിഞ്ഞു. വിശാലമായ ചത്വരത്തിൽ നിൽക്കുന്ന ചിലർ കരയുന്നു, മറ്റു ചിലർ പ്രാർത്ഥിക്കുന്നു, വേറെ ചിലർ കൈയ്യിലുള്ള മൊബൈൽ ഫോണിൽ ചിത്രങ്ങൾ പകർത്തുന്നു. സ്വിസ്സ് ഗാർഡും, ഇറ്റാലിയൻ സൈന്യവും തങ്ങളുടെ ബാൻഡ്മേളക്കാരുടെ അകമ്പടിയോടെ അവിടേക്ക് മാർച്ചു ചെയ്തു.

ബസിലിക്കാ ചത്വരത്തിൽ ഇതൊക്കെ അരങ്ങേറുമ്പോൾ അങ്ങ് അണിയറയിൽ ഒരാൾ കർദിനാളിന്റെ ചുവന്ന കുപ്പായം മാറ്റി മാർപാപ്പയുടെ തൂവെള്ള വസ്ത്രം



ധരിക്കുകയായിരുന്നു. അദ്ദേഹം 'വിലാപത്തിന്റെ മുറിയിൽ' വലിയ വികാരവിക്ഷോഭത്തോടെ മുട്ടിന്മേൽനിന്ന് ദൈവകൃപ യാചിച്ചുകൊണ്ട് പ്രാർത്ഥിച്ചു. പത്രോസിനെ ക്രിസ്തു ഭരമേല്പിച്ച താക്കോലിന്റ ഭാരം താങ്ങാനുള്ള കരുത്ത് തനിക്കുണ്ടോയെന്ന് ഒരു നിമിഷം അദ്ദേഹം ചിന്തിച്ചിട്ടുണ്ടാവണം! തിരമാലകളിൽ പെട്ട് മുങ്ങിപ്പോകുമെന്ന് സംശയിച്ച ആദ്യമുക്കുവനെ കർത്താവ് കൈപിടിച്ചുയർത്തിയതുപോലെ ആധുനിക പ്രശ്നങ്ങളിൽ ദൈവംകരംപിടിച്ചു ആവേശത്തോടെ നടക്കാനുള്ള അനുഗ്രഹത്തിനായി അദ്ദേഹം പ്രാർത്ഥിച്ചു. ലോകം പുതിയ മാർപാപ്പയെ ദർശിക്കുന്നതിന് മുൻപുതന്നെ അദ്ദേഹം തന്റെ ഹൃദയം ദൈവത്തിനായി പൂർണ്ണമായും സമർപ്പിച്ചു. സന്ധ്യ രാത്രിക്ക് വഴിമാറുന്നതിന് മുൻപായി 'ഹബേമൂസ് പാപ്പാം' എന്ന് മുതിർന്ന കർദിനാൾ ഡീക്കൻ ഡൊമിനിക്ക് മാംബെർത്തി ബസിലിക്കായുടെ ബാൽക്കണിയിൽ നിന്ന് പ്രഘോഷിച്ചു. അടുത്ത നിമിഷം വെള്ള വസ്ത്രം ധരിച്ച പുതിയ മാർപാപ്പ പ്രത്യക്ഷപ്പെട്ടതോടെ ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ സഭാഭരണ യുഗത്തിന് ആരംഭം കുറിച്ചു. അമേരിക്കയിലെ ചിക്കാഗോയിൽ ജനിച്ചു, അഗസ്റ്റീനിയൻ സന്യാസസമൂഹത്തിലെ പുരോഹിതനായി, തെക്കൻ അമേരിക്കയിലെ പെറുവിൽ മിഷനറിയായി ജീവിച്ച റോബർട്ട് ഫ്രാൻസിസ് പ്രിവോസ്റ്റ്, സാർവത്രിക സഭയുടെ ഇരുനൂറ്റി അറുപത്തി ഏഴാമത്തെ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പുതിയ മാർപാപ്പയുടെ ജീവിതത്തെ ചുരുക്കി വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**ബാല്യം, വിദ്യാഭ്യാസം**

അമേരിക്കയിലെ മധ്യപടിഞ്ഞാറൻ ഭാഗത്തായി സ്ഥിതിചെയ്യുന്ന ഇല്ലിനോയി സംസ്ഥാനത്തെ ചിക്കാഗോയിൽ 1955 സെപ്റ്റംബർ 14-ന് ലൂയിസ് മാരിയൂസ് പ്രിവോസ്റ്റിന്റെയും മിൽഡ്രഡ് മാർട്ടീനസിന്റെയും മൂന്ന് മക്കളിൽ ഇളയവനായി റോബർട്ട് ഫ്രാൻസിസ് ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് ഫ്രഞ്ച്, ഇറ്റാലിയൻ വംശപാരമ്പര്യത്തിലും, അമ്മ സ്പാനിഷ് പാരമ്പര്യത്തിലും ജനിച്ചവർ ആയിരുന്നു. പിതാവ് ലൂയിസ് രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കൻ നാവികനായും പിന്നീട് ഗ്ലെൻവുഡിലെ സ്കൂൾ സൂപ്രണ്ടായും സേവനം

അനുഷ്ഠികയും മാതാവ് മിൽഡ്രഡ് സ്കൂൾ ലൈബ്രേറിയനായും സേവനം ചെയ്യുകയും ചെയ്തു. മിൽഡ്രഡ് ക്യാൻസർ ബാധിതയായി 1990-ലും ലൂയിസ് 1997-ലുമാണ് അന്തരിച്ചത്. മാർപാപ്പയുടെ മൂത്ത സഹോദരന്മാരായ ലൂയി മാർട്ടിനും, ജോൺ ജോസഫും ഇന്ന് അമേരിക്കയിലെ ഫ്ളോറിഡയിലും ചിക്കാഗോയിലുമായി കുടുംബ സമേതം ജീവിക്കുന്നു.

ലിയോ മാർപാപ്പയുടെ റോബർട്ട് എന്ന നാമത്തിന്റെ ചുരുക്കപ്പേരായ 'റോബ്', 'ബോബ്' എന്നീ പേരുകളിലാണ് കൂട്ടുകാരുടെയും കുടുംബക്കാരുടെയും ഇടയിൽ അദ്ദേഹം അറിയപ്പെട്ടത്. പ്രിവോസ്റ്റ് കുടുംബം ചിക്കാഗോയ്ക്കടുത്തുള്ള ഡോൾട്ടൻ പട്ടണത്തിലെ സ്വർഗ്ഗാരോപിത മാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിലെ അംഗങ്ങളായിരുന്നു. ഈ ദേവാലയ സ്കൂളിൽതന്നെ പ്രാഥമിക വിദ്യാഭ്യാസം നടത്തിയ റോബർട്ട്






അവിടുത്തെ അൾത്താര ബാലനും, ഗായക സംഘത്തിലെ അംഗവുമായിരുന്നു. അദ്ദേഹം ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ അയൽക്കാരിൽ ഒരാൾ ഭാവിയിലെ മാർപാപ്പയാണ് ബോബ് എന്ന് പറഞ്ഞിരുന്നു എന്ന് സഹോദരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നന്നേ ചെറുപ്പമായിരുന്നപ്പോൾ തന്റെ സഹോദരങ്ങളെ വിളിച്ചുകൂട്ടി വീടിന്റെ ഭൂഗതഭാഗത്ത് (basement) കുർബാന ചൊല്ലുന്നതായി അഭിനയിക്കുന്നത് റോബർട്ടിന്റെ ശീലമായിരുന്നു.

1969-ൽ തന്റെ പതിനാലാമത്തെ വയസ്സിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി റോബർട്ട് മിഷിഗണിലെ ഹോളണ്ട് എന്ന സ്ഥലത്തെ സെന്റ്. അഗസ്റ്റിൻ സ്കൂളിൽ ചേർന്നു. ഇത് അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് പരിശീലനം നൽകിയിരുന്ന മൈനർ സെമിനാരി കൂടി ആയിരുന്നു. ഈ സമയങ്ങളിലൊക്കെ അദ്ദേഹം വളരെ വിരളമായേ വീട്ടിൽ വന്നിരുന്നുള്ളൂ എന്ന് സഹോദരൻ ജോൺ സാക്ഷ്യപ്പെടുത്തുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം അഗസ്റ്റീനിയൻ സന്യാസ സമൂഹം നടത്തിയിരുന്ന ഫിലഡൽഫിയയിലെ വില്ലിനോവ സർവ്വകലാശാലയിൽ ശാസ്ത്ര-ഗണിതശാസ്ത്ര പഠനത്തിനായി അദ്ദേഹം ചേർന്നു.

**അഗസ്തീനിയൻ സന്യാസി**

ലിയോ മാർപാപ്പയുടെ സ്വഭാവ-ദൈവശാസ്ത്ര-ആധ്യാത്മിക രൂപീകരണത്തിൽ അഗസ്റ്റീനിയൻ ആധ്യാത്മികതയ്ക്ക് വലിയ പങ്കുണ്ട്. അഞ്ചാം നൂറ്റാണ്ടിൽ ആഫ്രിക്കയിലെ ഹിപ്പോയിൽ ജീവിച്ച സഭയിലെ എക്കാലത്തെയും വലിയ പണ്ഡിതന്മാരിലൊരാളാണ് വേദപാരംഗതനായ വി. അഗസ്തീനോസ്.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ അഗസ്റ്റിൻ തയ്യാറാക്കിയ നിയമങ്ങൾ അനുസരിച്ചു ജീവിച്ചിരുന്ന സന്യാസികൾ ഉണ്ടായിരുന്നു. എന്നാൽ അവരൊന്നും ഒരു സന്യാസ സമൂഹമായി നിലനിന്നില്ല. ഇവരെ ഏകോപിച്ചുകൊണ്ട് നൂറ്റാണ്ടുകൾക്ക് ശേഷം 1244-ൽ ഇറ്റലിയിലെ ടസ്ക്കണിയിൽ വി. അഗസ്തീനോസിന്റെ സന്യാസ സമൂഹം (The Order of Saint Augustine, OSA) എന്ന പേരിൽ ഒരു സന്യാസ സഭ സ്ഥാപിതമായി. അങ്ങനെ നിയതമായ രീതിയിൽ



പതിമൂന്നാം നൂറ്റാണ്ടോടു കൂടി അഗസ്തീനിയൻ സന്യാസ സമൂഹം നിലവിൽ വന്നു. പ്രോട്ടസ്റ്റന്റ് നവീകരണത്തിന് തുടക്കം കുറിച്ച മാർട്ടിൻ ലൂഥർ, ആധുനിക ജനിതക ശാസ്ത്രത്തിന്റെ പിതാവായ ഗ്രിഗോർ മെണ്ടൽ തുടങ്ങിയവർ കൂടാതെ അനേകം വിശുദ്ധരും മിഷനറിമാരുമൊക്കെ ഈ സമൂഹത്തിൽ ഉരുവായിട്ടുണ്ട്. എന്നാൽ ഈ സന്യാസ സമൂഹത്തിൽ നിന്ന് ആദ്യമായി ഒരു മാർപാപ്പ ഉണ്ടാവുന്നത് ലിയോ പതിനാലാമനിലൂടെയാണ്.

അഗസ്തീനിയൻ സന്യാസ സമൂഹത്തിൽ റോബർട്ട് പ്രവേശിച്ചത് 1977-ൽ ആണെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസ കാലം മുതൽ തന്നെ അദ്ദേഹം ഈ സമൂഹത്തിന്റെ ഭാഗമായാണ് ജീവിച്ചത്. ഐക്യം, സത്യം, സ്നേഹം (Unitas, Veritas, Caritas) എന്നീ ക്രിസ്തീയ പുണ്യങ്ങൾ ജീവിക്കുക എന്നതായിരുന്നു ഈ സന്യാസിമാരുടെ മുഖമുദ്ര. അതുപോലെതന്നെ മാതാവിനോട്, പ്രത്യകിച്ചും സദുപദേശത്തിന്റെ മാതാവിനോട്, ഈ സമൂഹത്തിൽ ഉള്ളവർക്ക് പ്രത്യേക ഭക്തി ഉണ്ട്. ഫിലഡൽഫിയായിലെ വില്ലിനോവ സർവ്വകലാശാലയിലെ ബിരുദപഠനകാലയളവിലും ഈ സർവ്വകലാശാലയുടെ ചുമതലക്കാരായിരുന്ന അഗസ്റ്റീനിയൻ സന്യാസികളെ അടുത്തറിയുന്നതിന് അദ്ദേഹത്തിന് സാധിച്ചു.




1977-ൽ മസ്സൂറിയിലെ സെന്റ് ലൂയിസ് നഗരത്തിലെ അഗസ്റ്റീനിയൻ സെമിനാരിയിൽ അദ്ദേഹം തന്റെ സന്യാസ പരിശീലനത്തിന് ആരംഭം കുറിച്ചു. 1978-ൽ അദ്ദേഹം തന്റെ ആദ്യവ്രതങ്ങളും 1981-ൽ നിത്യവ്രതവും എടുത്തു. അങ്ങനെ സമൂഹജീവിതവും, ദാരിദ്ര്യവും, സുവിശേഷ പ്രവർത്തനവും അദ്ദേഹത്തിന്റെ അനുദിന ജീവിതത്തിന്റെ ഭാഗമായി പരിണമിച്ചു. അദ്ദേഹം വൈദികനാകുന്നതിന് മുൻപുള്ള ദൈവശാസ്ത്ര പഠനം ചിക്കാഗോയിലെ കാത്തലിക്ക് തിയളോജിക്കൽ യൂണിയൻ സെമിനാരിയിലാണ് നടത്തിയത്. ഇങ്ങനെ പഠനങ്ങൾ പൂർത്തീകരിച്ചു 1982 ജൂൺ 19-ന് അഗസ്റ്റീനിയൻ സന്യാസിമാർ സേവനം ചെയ്യുന്ന റോമിലെ സാന്ത മോനിക്ക ദേവാലയത്തിൽ വച്ച് ആർച്ചുബിഷപ്പ് ജീൻ ജാദോത്ത് റോബർട്ട് പ്രിവോസ്റ്റിനെ വൈദികനായി അഭിഷേകം ചെയ്തു.

**വിദ്യാഭ്യാസം**

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷമാണ് വില്ലിനോവ സർവ്വകലാശാലയിൽ

അദ്ദേഹം പഠനത്തിനായെത്തുന്നത്. ശാസ്ത്രവും ഗണിതശാസ്ത്രവും ഈ സമയം അദ്ദേഹം ബിരുദ പഠനത്തിനായി തിരഞ്ഞെടുത്തു. നാല് വർഷത്തെ പഠനത്തിന്റെ അന്ത്യത്തിൽ 1977-ൽ അദ്ദേഹം ഉന്നതമായ നിലയിൽ ബിരുദം പൂർത്തിയാക്കി. ഇതിന് ശേഷമാണ് അദ്ദേഹം ആശ്രമത്തിൽ ചേരുന്നതും സന്യാസവ്രതങ്ങൾ എടുക്കുന്നതും. സന്യാസ പരിശീലനത്തിന്റെ ഭാഗമായി ആദ്യം തത്വശാസ്ത്രവും പിന്നീട് ദൈവശാസ്ത്രവും പഠിച്ചു. തത്വശാസ്ത്ര പഠനസമയത്ത് അഗസ്റ്റീനിയൻ ചിന്തകളെ ആഴത്തിൽ പരിചയപ്പെടുന്നതിന് ബ്ര. റോബർട്ട് പരിശ്രമിച്ചു. വിശ്വാസവും യുക്തിയും സത്യം കണ്ടെത്താനുള്ള വഴികളാണെന്നും അവ പരസ്പര പൂരകങ്ങളാണെന്നുമുള്ള അഗസ്റ്റീനിയൻ ചിന്ത അദ്ദേഹത്തിൽ വേരുറപ്പിക്കുന്നതിന് ഇത് വഴി സാധിച്ചു.

1982-ലാണ് ഉപരിപഠനത്തിനായി റോമിലെ സെന്റ്. തോമസ് അക്വീനസ് (ആഞ്ജലിക്കും) പൊന്തിഫിക്കൽ സർവ്വകലാശാലയിലേക്ക് അധികാരികൾ അദ്ദേഹത്തെ അയച്ചത്. സഭയിലെ ഏറ്റം പേരുകേട്ട പണ്ഡിതരുടെ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന വി. തോമസ് അക്വീനാസിന്റെ നാമത്തിലുള്ള ഈ സർവ്വകലാശാല ഡൊമിനിക്കൻ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉൾപ്പെടെയുള്ള പല പ്രഗത്ഭരും ഈ വിദ്യാഭ്യാസ സ്ഥാപനത്തിലെ പൂർവ്വവിദ്യാർത്ഥികളുടെ ഗണത്തിൽ ഉൾപ്പെടുന്നു. ആഞ്ജലിക്കും സർവ്വകലാശാലയിൽ ഫാ. റോബർട്ട് സഭാനിയമത്തിൽ ലൈസൻഷ്യേറ്റ് ബിരുദം സമ്പാദിച്ചു. പിന്നീട് തന്റെ പഠനം തുടരുകയും 1987-ൽ സഭാനിയമത്തിൽ തന്നെ അദ്ദേഹം ഡോക്ടർ ബിരുദം നേടുകയും ചെയ്തു. 'വി. അഗസ്തീനോസിന്റെ



സന്യാസ സമൂഹത്തിൽ പ്രാദേശിക സുപ്പീരിയറിന്റെ നേതൃത്വം ഏതു തരത്തിലാണ്' എന്ന വിഷയത്തിൽ അദ്ദേഹം തന്റെ പ്രബന്ധം എഴുതി ഉന്നതമായ നിലയിൽ ഡോക്ടർ ബിരുദം നേടി. ഇത് സഭാനിയമങ്ങളെ ആഴത്തിൽ അറിയുന്നതിനും അജപാലന മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനും അദ്ദേഹത്തെ സഹായിച്ചു. റോമിലെ പഠനം ദൈവശാസ്ത്ര അറിവ് മാത്രമല്ല, ആഗോള സഭയെ അടുത്തറിയുന്നതിനും വിവിധ ഭാഷകൾ പഠിക്കുന്നതിനുമുള്ള അവസരം കൂടി ആയിരുന്നു. പിന്നീട് 2014-ൽ വില്ലിനോവ സർവ്വകലാശാല അദ്ദേഹത്തിന് ഓണററി ഡോക്റ്റർ ബിരുദവും നൽകുകയുണ്ടായി.

**ആദ്യകാല മിഷൻ പ്രവർത്തനങ്ങൾ**

വൈദികനായതിന് ശേഷം കുറച്ചുനാൾ ചിക്കാഗോയിൽ ഫാ. റോബർട്ട് സേവനം ചെയ്യുകയും അതിന് ശേഷം 1985-ൽ തെക്കൻ അമേരിക്കയിലെ പെറുവിലെ ചുളുക്കനാസിലുള്ള അഗസ്റ്റീനിയൻ മിഷനിൽ സഹായിയായി പോവുകയും ചെയ്തു. ഒരു സന്യാസ പരിശീലകൻ എന്ന നിലയിലും ഒരു നേതാവെന്ന നിലയിലും അദ്ദേഹത്തിന് അനുഭവ സമ്പത്ത് പ്രദാനം ചെയ്യുന്നതിന് ഈ നിയമനങ്ങൾ ഇടയാക്കി. ഡോക്ടർ ഡിഗ്രി സമ്പാദിച്ചതിന് ശേഷം അമേരിക്കയിൽ അഗസ്റ്റീനിയൻ മിഷൻ ഡയറക്റ്ററായും ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ചുമതലക്കാരനായും നിയമിതനായി.

1985-1986 മുതൽ 1988-1998 വരെയുള്ള കാലയളവിൽ ഒരു വൈദികനായി അദ്ദേഹം പെറുവിൽ ജോലി ചെയ്തു. 1988-ൽ ട്രുജില്ലോയിലെ അഗസ്റ്റീനിയൻ മിഷനിൽ അദ്ദേഹം സേവനം ആരംഭിച്ചു. നാല് വർഷക്കാലം ഈ ആശ്രമത്തിന്റെ സുപ്പീരിയറായിരുന്നു. അതുപോലെ സന്യാസ പരിശീലകനായും, അധ്യാപകനായും, ട്രുജില്ലോ അതിരൂപതയിലെ ജ്യുഡീഷ്യൽ വികാരിയായും അദ്ദേഹം വളരെ തിരക്കേറിയ ജീവിതമാണ് നയിച്ചത്. കൂടാതെ സഭാനിയമം, പിതാക്കന്മാരെക്കുറിച്ചുള്ള പഠനം, ധാർമ്മിക ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ സാൻ കാർലോസ് സെമിനാരിയിൽ പഠിപ്പിക്കുന്നതിനും അദ്ദേഹം സമയം കണ്ടെത്തി.



ഇടവക സേവന കാലയളവിൽ സമൂഹത്തിലെ താഴെത്തട്ടിലുള്ളവരെ സേവിക്കുന്നതിനു



അദ്ദേഹം സമയം കണ്ടെത്തി. സൈന്റ്. റീത്താസ് പള്ളിയിലും ട്രുജിലോസിലെ മാതാവിന്റെ പള്ളിയിലും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പാവങ്ങളെ സഹായിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു. വാഹനങ്ങളിൽ ചെന്നെത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ നടന്നും കുതിരപ്പുറത്തും യാത്രചെയ്തും എല്ലാവരും മറന്നവരും ഉപേക്ഷിചിച്ചവരുമായവരുടെ അടുത്ത് അദ്ദേഹം എത്തി. ഈ സമയത്ത് രാഷ്ട്രീയമായി വളരെ കുഴപ്പം പിടിച്ച സമയമായിരുന്നു ഈ പ്രദേശങ്ങളിൽ എല്ലാം. കഷ്ടത അനുഭവിക്കുന്നവർക്ക് വേണ്ടി പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ താത്പര്യത്തെ ഈ പ്രശ്നങ്ങൾ കൂടുതൽ കരുത്തുറ്റതാക്കി. പിന്നീട് ഇവിടെ ബിഷപ്പായി നിയമിതനായപ്പോൾ അദ്ദേഹം ജനങ്ങളോടുള്ള തന്റെ ഐക്യദാർഢ്യം

പ്രകടിപ്പിക്കുന്നതിനായി 2015-ൽ താൻ സേവനം ചെയ്യുന്ന രാജ്യത്തിന്റെ പൗരത്വം സ്വീകരിച്ചു.

**അഗസ്റ്റീനിയൻ പ്രിയോർ ജനറൽ**

എ.ഡി. 2001-ൽ അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിന്റെ ജനറൽ ചാപ്റ്റർ ഫാ. റോബർട്ട് പ്രിവോസ്റ്റിനെ തങ്ങളുടെ പ്രിയോർ ജനറൽ ആയി തിരഞ്ഞെടുത്തു. നാൽപ്പത്താറാമത്തെ വയസ്സിൽ അദ്ദേഹത്തെ ഈ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തത് മറ്റു സന്യാസികൾക്ക് അദ്ദേഹത്തിന്റെ കഴിവിലുണ്ടായിരുന്ന വിശ്വാസത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു. ആറു വർഷക്കാലാവധി അവസാനിച്ചപ്പോൾ വീണ്ടും തിരഞ്ഞെടുക്കുകയും അങ്ങനെ 2013 വരെ അദ്ദേഹം ഈ സ്ഥാനത്ത് തുടരുകയും ചെയ്തു. അൻപത് രാജ്യങ്ങളിലായി 2,800 അംഗങ്ങളുള്ള ഈ സമൂഹത്തിന്റെ എല്ലാവിധമായ വളർച്ചയ്ക്കും അദ്ദേഹം നേതൃത്വം നല്കി. സമൂഹജീവിതവും, ദാരിദ്ര്യവും, സേവനവും, സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളും ഈ സന്യാസ ജീവിത ശൈലിയുടെ ഭാഗമായിരുന്നു. വി. അഗസ്തീനോസിന്റെ ജീവിതരീതിയുടെ തുടർച്ചയായിരുന്നു ഈ സന്യാസ സമൂഹത്തിന്റേതും.

'ഒരേ മനസ്സോടെയും, ഒരേ ഹൃദയത്തോടെയും ദൈവത്തിന്റെ വഴിയേ' എന്ന സമൂഹത്തിന്റെ ആദർശം പൂർണ്ണമായും ഉൾക്കൊണ്ട് ജീവിക്കാൻ അദ്ദേഹം സമൂഹാംഗങ്ങളെ ആഹ്വാനം ചെയ്തു. അതിനായി സന്യാസികൾക്കിടയിൽ ഐക്യവും സാഹോദര്യവും വളർത്തുന്നതിനായി പരിശീലന രീതികളിൽ അദ്ദേഹം പരിഷ്ക്കാരങ്ങൾ വരുത്തി. ആധ്യാത്മികവും സമൂഹജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിഷ്ഠയോടെ പാലിച്ചു ഐക്യം, സത്യം, സ്നേഹം എന്നീ പുണ്യങ്ങൾ അനുദിനം ജീവിതത്തിൽ പരിപാലിക്കുന്നതിനും അവർ പരിശ്രമിച്ചു. യൂറോപ്പിലും, ഏഷ്യയിലും, ആഫ്രിക്കയിലും, അമേരിക്കൻ വൻകരകളിലും അദ്ദേഹം പലപ്രാവശ്യം യാത്ര ചെയ്തു സമൂഹത്തിന്റെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായി ആയിരിക്കുകയും ചെയ്തു. ഇത്



വഴിയായി അഗസ്റ്റീനിയൻ സമൂഹങ്ങൾ നേതൃത്വം കൊടുത്ത സുവിശേഷ പ്രവർത്തന മേഖലകളിൽ വലിയ പുരോഗതി കൈവന്നു.

ആഗസ്റ്റീനിയൻ സന്യാസ സമൂഹത്തിന്റെ പരിശീലന സെമിനാറുകളിൽ ഫാ. റോബർട്ട് വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ആധുനിക തലമുറയിലെ വെല്ലുവിളികളെ നേരിടുന്നതിന് വൈദികരെ പ്രാപ്തരാക്കുന്ന നവീന പരിശീലന പദ്ധതികൾ പലതും അദ്ദേഹം ആവിഷ്ക്കരിച്ചു. താൻ മിഷനറിയായി സേവനം ചെയ്ത



പെറുവിലെ പ്രദേശങ്ങളിൽ അവിടുത്തെ സഭാനേതൃത്വവുമായി യോജിച്ചു പുതിയ ഭവനങ്ങൾ ആരംഭിച്ചു. കൂടാതെ സമൂഹത്തിന്റെ നേതൃത്വത്തിലുള്ള അമേരിക്കയിലെ വില്ലിനോവ സർവ്വകലാശാലയും മെറിമാക്ക് കോളേജും വിദ്യാഭ്യാസ മേഖലയിൽ അഗസ്റ്റീനിയൻ ആശയങ്ങൾക്ക് അനുസരിച്ചു ഗുണമേന്മയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായി അദ്ദേഹം വളർത്തി. (വില്ലിനോവയിൽ പതിനായിരത്തിലധികവും, മെറിമാക്കിൽ അയ്യായിരത്തിൽ അധികവും വിദ്യാർത്ഥികൾ പഠിക്കുന്നു.)

ഫാ. റോബർട്ട് സ്പാനിഷ് ഭാഷ നന്നായി സംസാരിച്ചിരുന്നതിനാൽ ലത്തീൻ അമേരിക്കയിലെ സമൂഹങ്ങളെ മനസ്സിലാക്കുന്നതിനും അവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. മാത്രമല്ല പ്രിയോർ ജനറൽ എന്ന നിലയിൽ റോമിൽ നടന്ന സിനഡുകളിലും മറ്റു പ്രധാനപ്പെട്ട സമ്മേളനങ്ങളിലും അദ്ദേഹത്തിന്റെ സ്ഥിരസാന്നിധ്യം ഉണ്ടായിരുന്നു. (2012-ൽ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ നേതൃത്വത്തിൽ മൂന്നാഴ്ചയോളം നീണ്ടുനിന്ന നവസുവിശേഷവത്ക്കരണം സംബന്ധിച്ച സിനഡിൽ വച്ച് അദ്ദേഹത്തെ പരിചയപ്പെടാനും സംസാരിക്കാനും എനിക്ക് സാധിച്ചത് വലിയ അനുഗ്രഹമായി കരുതുന്നു.) അദ്ദേഹം അറിയാതെ തന്നെ ഒരു വിശ്വപൗരനായി ഫാ. റോബർട്ട് വളരുകയായിരുന്നു. എന്നിരുന്നാലും വി. അഗസ്തീനോസിന്റെ ഉൾക്കാഴ്ചകളെ ആഴത്തിൽ ഉൾക്കൊണ്ട് ശാന്തതയോടെയും എളിമയോടെയുമാണ് അദ്ദേഹം കാര്യങ്ങൾ കൈകാര്യം ചെയ്തത്.

### ചിക്ലായോ രൂപതയുടെ ബിഷപ്പ്

2014 നവംബർ മൂന്നിനാണ് ഫ്രാൻസിസ് മാർപാപ്പ ഫാ. റോബർട്ടിനെ പെറുവിലെ ചിക്ലായോ രൂപതയുടെ അധിപനായി നിയമിച്ചത്. ഇതേതുടർന്ന് 2014 ഡിസംബർ 12-ന് പെറുവിലെ അപ്പസ്തോലിക്ക് നുൺഷിയോ ആർച്ചുബിഷപ്പ് ജെയിംസ് ഗ്രീൻ അദ്ദേഹത്തെ ബിഷപ്പായി അഭിഷേകം ചെയ്തു. 2023 വരെ ഈ ദൗത്യം വിശ്വസ്തതയോടെ അദ്ദേഹം നിർവഹിച്ചു. 'ദൈവത്തിൽ നാം ഒന്നായിരിക്കുന്നു' (In the One, we are One) എന്നതായിരുന്നു അദ്ദേഹം തന്റെ ആദർശവചനമായി തിരഞ്ഞെടുത്തത്. ഇത് സഭയിൽ എല്ലാവരും ഐക്യത്തോടെ ആയിരിക്കണമെന്ന അഗസ്റ്റീനിയൻ ആശയത്തോട് ഒന്നിച്ചുപോകുന്നതായിരുന്നു. അദ്ദേഹം തന്റെ രൂപതയിലെ അജപാലന കാര്യങ്ങളിൽ ആഴത്തിൽ ശ്രദ്ധ ചെലുത്തി. കൂടാതെ സുവിശേഷവത്ക്കരണവും രൂപതയിലെ വൈദികരുടെ പരിശീലനവും അദ്ദേഹത്തിന്റെ പ്രാഥമിക പരിഗണനകൾ ആയിരുന്നു. പതിമൂന്ന് ലക്ഷം കത്തോലിക്കാർക്കായ് തൊണ്ണൂറ് വൈദികരാണ് അന്നവിടെ ഉണ്ടായിരുന്നത്. വൈദികരുടെ അഭാവത്തിൽ അത്മായരെ ഭരണപരമായ വിവിധ ദൗത്യങ്ങൾ ഏല്പിച്ചുകൊണ്ട് രൂപതയെ കൂടുതൽ ഊർജ്ജസ്വലവും

www.malankaralibrary.com

സജീവവുമാക്കാൻ അദ്ദേഹം പരിശ്രമിച്ചു. 2018-ൽ പെറുവിലെ ബിഷപ്പ് സമിതിയുടെ വൈസ് പ്രസിഡണ്ടായി ബിഷപ്പ് റോബർട്ടിനെ തിരഞ്ഞെടുത്തു.


അസാധാരണമായ അജപാലന സമർപ്പണത്തോടെ വലിയ ഭരണപരിഷ്ക്കാരങ്ങൾ അദ്ദേഹം തന്റെ രൂപതയിൽ നടപ്പിൽ വരുത്തി. അതിൽ ഏറ്റം ശ്രദ്ധേയമായത് സമൂഹത്തിലെ താഴെത്തട്ടിലുള്ളവരുടെ ക്ഷേമത്തിനായി കൊണ്ടുവന്ന പദ്ധതികളാണ്. ഇവിടെയെല്ലാം അഗസ്റ്റീനിയൻ ആധ്യാത്മികതയെ അടിസ്ഥാനപ്പെടുത്തി ആഴമായ ക്രിസ്തുബന്ധത്തിൽ തന്റെ സമൂഹത്തെ വളർത്താൻ അദ്ദേഹം പരിശ്രമിച്ചു. ചിക്ലായോയിലെ ക്രൈസ്തവ സമൂഹം വളരെ സജീവമായിരുന്നെങ്കിലും ജനങ്ങൾ എല്ലാം തന്നെ പാവപ്പെട്ടവർ ആയിരുന്നു. ബിഷപ്പ് റോബെർട്ടിന്റെ സാമൂഹിക നീതിക്കായുള്ള പരിശ്രമങ്ങളും സമൂഹത്തിലെ താഴെത്തട്ടിൽ ഉള്ളവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്നുള്ള പ്രവർത്തനങ്ങളും രൂപതയിൽ മാറ്റങ്ങൾ കൊണ്ടുവന്നു. ഒൻപത് വർഷത്തിൽ അധികം തന്റെ രൂപതയിലെ പാവപ്പെട്ട ജനങ്ങളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയിൽ അദ്ദേഹം ശ്രദ്ധിച്ചു.

ചിക്ലായോ രൂപത 14,000 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണത്തിൽ ഉള്ള മലനിരകളാൽ നിറഞ്ഞ പ്രദേശം ആണ്. അതിനാൽ തന്നെ എല്ലായിടത്തും എത്തിപ്പെടുക വളരെ പ്രയാസമായിരുന്നു.



സഭ പാവപ്പെട്ടവരുടെ ഇടയിൽ പ്രകാശനാളം ആയിരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനായി രൂപതയുടെ പല ഭാഗത്തും പാവങ്ങളെ സഹായിക്കാനായി അദ്ദേഹം സൂപ്പ് കിച്ചണുകൾ ആരംഭിച്ചു. കൂടാതെ കാരിത്താസ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുത്തു. വിശുദ്ധ അഗസ്തീനോസിന്റെ 'ഒരു മനസും ഒരു ഹൃദയവു'മായി പ്രവർത്തിക്കാനുള്ള ആഹ്വാനം അദ്ദേഹം തന്റെ കൂടെയുള്ളവരോട് അവർത്തിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

ഭരണപരമായ നിരവധി മാറ്റങ്ങൾ അദ്ദേഹം കൊണ്ടുവന്നു. രൂപതയിൽ സാമ്പത്തിക അച്ചടക്കവും സുതാര്യതയും അദ്ദേഹം നടപ്പിലാക്കി. സെമിനാരിക്കാരുടെ മാത്രമല്ല, വൈദികരുടെ തുടർപഠനം നിർബന്ധമാക്കുകയും കാലത്തിനനുയോജ്യമായ വിഷയങ്ങൾ അതിനായി നിർദേശിക്കുകയും ചെയ്തു. യുവജനങ്ങളുടെ സഭയിലുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനായി അവർക്കായി പല പദ്ധതികളും ആസൂത്രണം ചെയ്തു. ഇതിൽ ഏറ്റം എടുത്തുപറയേണ്ടുന്നത് അദ്ദേഹം നടപ്പിലാക്കിയ സാമൂഹിക പദ്ധതികൾ ആണ്. ചിക്ലായോ പ്രദേശത്തെ വലിയ പ്രശ്നങ്ങളിൽ ഒന്ന് ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിസ്ഥിതി നശീകരണവുമായിരുന്നു. കർഷകരുടെയും തൊഴിലാളികളുടെയും അവകാശങ്ങൾക്കായി അദ്ദേഹം പോരാടി. ഫ്രാൻസിസ് മാർപാപ്പയുടെ 'ലൗദാത്തോ സീ' ചാക്രിക ലേഖനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് രൂപതയിലെ ദേവാലയങ്ങളിലും സ്കൂളുകളിലും പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കി. 2017-ൽ രൂപതയുടെ പല പ്രദേശങ്ങളും വെള്ളപ്പൊക്കത്തിന്റെ പിടിയിലമർന്നപ്പോൾ കഴ്ട്ടപ്പെടുന്നവർക്കായി അഭയകേന്ദ്രങ്ങൾ തുറക്കുകയും ഭക്ഷണവും മരുന്നും മറ്റ് ആവശ്യവസ്തുക്കളും എല്ലായിടത്തും എത്തിക്കുന്നതിന് നേരിട്ട് നേതൃത്വം നൽകുകയും ചെയ്തു. ആളുകളുടെ ഇടയിൽ അവരുടെ അജപാലന ആവശ്യങ്ങൾ അറിഞ്ഞു ജീവിക്കുന്ന ഒരു ഇടയനായി അവിടുത്തെ ജനങ്ങൾ ബിഷപ്പ് റോബർട്ടിനെ കണ്ടു. എന്നിരുന്നാലും പലപ്പോഴും കാര്യങ്ങൾ കാർക്കശ്യത്തോടെയും സത്യസന്ധതയോടെയും നിവർത്തിക്കാൻ ശ്രമിച്ചപ്പോൾ ചില കോണിൽ നിന്ന് അദ്ദേഹത്തിന് എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം അഗസ്റ്റീനിയൻ സമൂഹത്തിന്റെ ജനറൽ എന്ന നിലയിൽ ആർജിച്ചെടുത്ത അനുഭവ പരിചയം അദ്ദേഹത്തെ സഹായിച്ചു. പ്രാദേശിക ഭരണകൂടവുമായും അദ്ദേഹം നല്ല ബന്ധങ്ങൾ പുലർത്തിയിരുന്നു. ഈ പ്രവർത്തന പരിചയത്തിന്റെ അംഗീകാരമെന്നോണം ഫ്രാൻസിസ് മാർപാപ്പ വലിയ ഉത്തരവാദിത്വങ്ങൾ നൽകി ബിഷപ്പ് റോബർട്ടിനെ റോമിലേക്ക് കൊണ്ടുവരികയായിരുന്നു.



**റോമിലെ കാര്യാലയ ചുമതല, കർദിനാൾ**

2023 ജനുവരി 30-ന് ഫ്രാൻസിസ് മാർപാപ്പ ബിഷപ്പ് ഫ്രാൻസിസ് പ്രിവോസ്റ്റിനെ ബിഷപ്പുമാരുടെ കാര്യാലയത്തിന്റെ ചുമതലക്കാരനായി നിയമിച്ചു. ഈ നിയമന സമയത്തു തന്നെ അദ്ദേഹത്തെ ആർച്ചുബിഷപ്പായും മാർപാപ്പ ഉയർത്തി. കത്തോലിക്കാ സഭയിലെ മിഷൻ പ്രദേശങ്ങളിലെയും പൗരസ്ത്യ സഭകളിലെയും



ബിഷപ്പുമാർ ഒഴികെ മറ്റെല്ലാ ബിഷപ്പുമാരുടെയും നിയമനവും, പുതിയ രൂപതകളുടെ രൂപീകരണവും, അഞ്ചു വർഷത്തിലൊരിക്കലുള്ള മെത്രാന്മാരുടെ അദ് ലിമീന സന്ദർശനവുമൊക്കെ ക്രമീകരിക്കുന്ന വത്തിക്കാൻ കാര്യാലയമാണ് ഇത്. (മിഷൻ പ്രദേശങ്ങളിലെ ഈ ചുമതല സുവിശേഷവത്ക്കരണത്തിനായുള്ള കാര്യാലയത്തിനും പൗരസ്ത്യ സഭകളുടെ ചുമതല പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിനുമാണ്). ഇത് കൂടാതെ സഭയുടെ നാല്പത് ശതമാനം വിശ്വാസികൾ വസിക്കുന്ന ലാറ്റിൻ അമേരിക്കക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ അധ്യക്ഷനും മെത്രാന്മാരുടെ കാര്യാലയ ചുമതലയുള്ള കർദിനാൾ തന്നെയാണ്.


സഭയുടെ ഭാവി നിർണ്ണയിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്ന ഒരു കാര്യാലയമാണിത്. ആർച്ചുബിഷപ്പ് റോബർട്ടിനു പ്രിയോർ ജനറൽ, ബിഷപ്പ്, മിഷനറി എന്നീ നിലകളിൽ ലഭിച്ച ഭരണപരിചയം ഈ മേഖലയിൽ വളരെ സഹായകമായി. ഈ കാര്യാലയത്തിന്റെ അധ്യക്ഷനെന്ന നിലയിൽ അദ്ദേഹം മാർപാപ്പയ്ക്ക് ശുപാർശകൾ നല്കിയിരുന്നപ്പോൾ ശ്രദ്ധിച്ചിരുന്നത് ബിഷപ്പുമാരായി നിയമിക്കുന്നവർക്ക് സഭയുടെ പ്രബോധനകളെക്കുറിച്ചുള്ള അറിവ്, വിശ്വസ്തത, അജപാലനപരമായ അനുഭവം, ആധുനിക ലോകത്തിലെ വൈവിധ്യമാർന്ന യാഥാർത്ഥ്യങ്ങളെ അവധാനതയോടെ നേരിടാനുള്ള കഴിവും പരിചയവും എന്നിവയാണ്. കൂടാതെ മാർപാപ്പയുടെ നിർദേശം അനുസരിച്ചു ഇറ്റലിക്കാരിയായ സിസ്റ്റർ റഫയെല്ല, ഫ്രഞ്ചുകാരിയായ മദർ യുവോന്നെ റോയിൻഗോട്ട്, അർജന്റീനയിൽ നിന്നുള്ള ഡോ. മരിയ ലിയ സെർവീനോ എന്നിവരെ തീരുമാനങ്ങൾ എടുക്കുമ്പോൾ വോട്ട് ചെയ്യാൻ അധികാരമുള്ള സമിതി അംഗങ്ങളായി നിയമിച്ചു. ബിഷപ്പുമാർക്കെതിരെ അച്ചടക്ക നടപടികൾ എടുക്കേണ്ടുന്ന സാഹചര്യങ്ങളിൽ മാർപാപ്പയ്ക്ക് ഉപദേശം നൽകുന്ന പ്രധാന ചുമതലയും ഈ കാര്യാലയത്തിന്റെ അധ്യക്ഷനാണ്. മാർപാപ്പയെ എല്ലാ ശനിയാഴ്ചകളിലും നേരിൽ കണ്ട് ഇത്തരം കാര്യങ്ങൾ ധരിപ്പിക്കാനും അനുവാദം വാങ്ങാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, പോർച്ചുഗീസ് ഭാഷകൾ

അനായാസം കൈകാര്യം ചെയ്യാനുള്ള അദ്ദേഹത്തിന്റെ കഴിവും എല്ലാവരുമായി ആശയസംവേദനം നടത്തുന്നതിനും സംസ്കാരങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും അദ്ദേഹത്തെ സഹായിച്ചു.

2023 സെപ്റ്റംബർ 30-ന് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ്പ് റോബർട്ട് പ്രിവോസ്റ്റിനെ കർദിനാൾ ആയി ഉയർത്തി. കർദിനാൾ ഡീക്കൻ ആയി നിയമിച്ച അദ്ദേഹത്തിന്റെ സ്ഥാനീയ ദേവാലയം അഗസ്തീനിയൻ വൈദികരുടെ ചുമതലയിൽ ആയിരുന്ന സാന്താ മോനിക്കാ ദേവാലയമാണ്. കൂടാതെ അദ്ദേഹത്തെ മറ്റ് ഏഴു വത്തിക്കാൻ കാര്യാലയങ്ങളിലെ ഉപദേശക സമിതി അംഗമായി നിയമിക്കുകയും ചെയ്തു. 2025 ഫെബ്രുവരി 6-ന് ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ കർദിനാൾ ഡീക്കനായി ഉയർത്തുകയും ചെയ്തു. പെറുവിൽ ഒരു മിഷനറിയായി ജീവിക്കാൻ ആഗ്രഹിച്ച അദ്ദേഹം തന്റെ പൗരോഹിത്യ-സന്യാസ ജീവിതത്തിലെ അധികാരികളോടുള്ള അനുസരണമെന്ന പുണ്യത്തിന്റെ പാലനത്തിനായാണ് ഈ സ്ഥാനങ്ങൾ നിരസിക്കാതിരുന്നതെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല താൻ ഇപ്പോഴും ആത്യന്തികമായി ഒരു മിഷനറി ആണെന്ന് 2023-ൽ വത്തിക്കാൻ ന്യൂസിന് നൽകിയ ഒരു അഭിമുഖത്തിൽ അദ്ദേഹം പറയുകയുണ്ടായി.

**മാർപാപ്പ**

കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന് ആരംഭം കുറിച്ച ദിവസമായിരുന്നു ഓഗസ്റ്റ് എട്ടാം തീയതി. അമേരിക്കൻ ഐക്യനാടുകളിൽ നിന്നും ഒരു മാർപാപ്പ വരിക ഇന്നത്തെ സാഹചര്യത്തിൽ അസാധ്യമെന്നാണ് മാധ്യമങ്ങൾ ഉൾപ്പെടെ എല്ലാവരും പ്രവചിച്ചത്. അതിന് നിരവധി കാരണങ്ങൾ പറയപ്പെടുന്നുണ്ടെങ്കിലും പരിശുദ്ധാത്മാവിന്റെ തിരഞ്ഞെടുപ്പിൽ ഇതൊന്നും മാനദണ്ഡമാകുന്നില്ല എന്ന് ലിയോ മാർപാപ്പയുടെ തിരഞ്ഞെടുപ്പ് പറയുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റോമിലെത്തിയ കർദിനാളന്മാർ ഫ്രാൻസിസ് മാർപാപ്പയുടെ കബറടക്കം കഴിഞ്ഞുള്ള ദിവസങ്ങളിൽ സ്ഥിരമായി സമ്മേളിക്കുകയും സഭയുടെ ഭാവിയെക്കുറിച്ചും പുതിയ മാർപാപ്പ ഏതൊക്കെ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണമെന്നും



തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. അതിനുശേഷം പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാനുള്ള കോൺക്ലേവിനായി മെയ് ആറാം തീയതി എൺപത് വയസ്സ് പൂർത്തിയാകാത്ത 133 കർദിനാളന്മാർ സിസ്റ്റീൻ ചാപ്പലിൽ ഒത്തുകൂടി. കോൺക്ലേവ് നീണ്ടുപോകാൻ സാധ്യതയുണ്ടെന്ന് എല്ലാവരും പ്രവചിച്ചപ്പോഴും നാലാം വോട്ടെടുപ്പിൽ രണ്ടാം ദിവസം കർദിനാൾ റോബർട്ട് പ്രിവോസ്റ്റ് പുതിയ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു. റോമൻ സമയം വൈകുന്നേരത്തോടെ പുതിയ മാർപാപ്പയെ ലഭിച്ചിരിക്കുന്നു എന്നതിന്റെ അടയാളമായി സിസ്റ്റീൻ ചാപ്പലിന്റെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന പുകക്കുഴലിലൂടെ വെളുത്ത പുക പുറത്തുവന്നു.

മാർപാപ്പാമാർ സ്വീകരിക്കുന്ന പുതിയ നാമം ഏതു ദിശയിൽ പുതിയ മാർപാപ്പ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നു എന്നതിന്റെ ലക്ഷണം കൂടിയാണ്. ലിയോ എന്ന പേരിന്റെ അർത്ഥം



സിംഹമെന്നാണ്. സിംഹം ധൈര്യത്തിന്റെയും, ശ്രദ്ധയുടെയും, നേതൃത്വത്തിന്റെയും ഭാവങ്ങളാണ്. ലിയോ നാമധാരികൾ സഭാചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ മാർപാപ്പമാരാണ്. അതിൽ പ്രധാനി വേദപാരംഗതനും ലിയോ എന്ന നാമം ആദ്യം സ്വീകരിച്ച മഹാനായ ലിയോ ഒന്നാമൻ (440-461) മാർപാപ്പയാണ്. (അദ്ദേഹത്തെക്കുറിച്ചു ദീർഘമായ ഒരു ലേഖനം കാഹളത്തിൽ സഭയിലെ വേദപാരംഗതന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തി ഞാൻ എഴുതിയതാണ്. കൂടാതെ മാർപാപ്പാമാരുടെ ജീവചരിത്ര പുസ്തകത്തിൽ പതിമൂന്നു ലിയോ മാർപാപ്പാമാരെയും കുറിച്ച് ഞാൻ എഴുതിയിട്ടുണ്ട്. കൂടുതൽ അറിയുന്നതിനായി ഈ പുസ്തകത്തെ ആശ്രയിക്കുക.) എന്നിരുന്നാലും ഏറ്റവും അവസാനത്തെ ലിയോ നാമധാരിയായിരുന്ന ലിയോ പതിമൂന്നാമനോടുള്ള ആദരവ് കാരണമാണ് താൻ ഈ പേര് സ്വീകരിച്ചിരിക്കുന്നതെന്ന് പുതിയ മാർപാപ്പ പറഞ്ഞിട്ടുണ്ട്. 'അദ്ധ്വാനിക്കുന്നവരുടെ മാർപാപ്പ' എന്നറിയപ്പെട്ടിരുന്ന ലിയോ പതിമൂന്നാമന്റെ 'തൊഴിലാളികളുടെ അവസ്ഥയെക്കുറിച്ചു' (*Rerum Novarum*) എന്ന പ്രസിദ്ധ ചാക്രികലേഖനം ഇന്നും വളരെ പ്രസക്തമാണ്. ഇന്നത്തെ സാമൂഹിക, രാഷ്ട്രീയ, ധാർമ്മിക മേഖലകളിൽ ലിയോ പതിമൂന്നാമനെപ്പോലെ പ്രതികരിക്കാനും മറ്റുള്ളവരെ കരുതാനും മാർപാപ്പ ആഗ്രഹിക്കുന്നു എന്നതിന്റ അടയാളമാണ് ഈ നാമം. (ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ ജീവിതം ഈ ലേഖനത്തിന്റെ അവസാനം ചുരുക്കി വിവരിച്ചിരിക്കുന്നു). മുൻകാല പാരമ്പര്യങ്ങളോടുള്ള ബഹുമാനം എന്നതുപോലെ തന്നെ ഭാവിയെക്കുറിച്ചുള്ള ഒരു പ്രഖ്യാപനം കൂടിയാണ് മാർപാപ്പ സ്വീകരിച്ചിരിക്കുന്ന ഈ നാമം.

**ഉപസംഹാരം**

വടക്കൻ അമേരിക്കയിൽ നിന്നുള്ള ആദ്യ മാർപാപ്പ, അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിൽ നിന്നുള്ള ആദ്യ മാർപാപ്പ, മൂന്ന് രാജ്യങ്ങളുടെ പൗരത്വമുള്ള ആദ്യ മാർപാപ്പ (അമേരിക്കൻ ഐക്യനാടുകൾ, പെറു, വത്തിക്കാൻ), ലോകത്തിൽ ഏറ്റം കൂടുതൽ ആളുകൾ സംസാരിക്കുന്ന ഇംഗ്ലീഷ് മാതൃഭാഷയായുള്ള ആദ്യ മാർപാപ്പ, തുടങ്ങിയ പല 'ആദ്യ' വിശേഷണങ്ങളും ഈ മാർപാപ്പയ്ക്ക് ഉണ്ട്. അങ്ങനെ വടക്കേ അമേരിക്കയിലെ ചിക്കാഗോയിൽ നിന്നും തെക്കേ അമേരിക്കയിലെ ചിക്ലായോ വഴി നിത്യനഗരത്തിൽ എത്തി നിൽക്കുന്ന ലിയോ മാർപാപ്പയുടെ ജീവിതകഥ നമ്മുടെയെല്ലാം ആത്മീയ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ ജീവിതത്തെക്കുറിച്ചു നാം അറിഞ്ഞതിൽ കൂടുതൽ കാര്യങ്ങൾ ഇനിയും വരുന്ന ദിവസങ്ങളിലും വർഷങ്ങളിലും അറിയാൻ പോവുന്നതേയുള്ളു.



ഞാനൊരു ബിഷപ്പാണ്. നിങ്ങളോടുകൂടി ഞാനൊരു വിശ്വാസിയാണ്".



സുവിശേഷം പ്രസംഗിക്കുക മാത്രമല്ല അത് തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കാനും ശ്രമിക്കുന്നുവെന്ന് അദ്ദേഹത്തിന്റെപ്രവർത്തനങ്ങളിലൂടെ നമുക്ക് കാണാൻ കഴിയും. ആധുനിക ലോകത്തിലെ വലുതായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സഭയിലും ലോകത്തിലും ലിയോ മാർപാപ്പയുടെ നേതൃത്വത്തിൽ വലിയ അനുഗ്രഹങ്ങൾ ദൈവം ചൊരിയുന്നതിനും ഇടയാകട്ടെയെന്നും നമുക്ക് പ്രാർത്ഥിക്കാം.

**മാർപാപ്പയ്ക്കുവേണ്ടി ദിവസവും ചൊല്ലാവുന്ന ഒരു പ്രാർത്ഥന**

കാരുണ്യവാനും സ്നേഹനിധിയുമായ ദൈവമേ,
അവിടുത്തെ സഭയുടെ അജപാലകനായ
ലിയോ പതിനാലാൻ മാർപാപ്പയെ അനുഗ്രഹിക്കണമേ.
തന്റെ ജനത്തെ വിജ്ഞാനത്തോടെ നയിക്കാനും
ഹൃദയാർദ്രതയോടെ അവർക്കായി സേവനം ചെയ്യാനും
സകലമനുഷ്യരെയും സ്നേഹത്തിൽ ഐക്യപ്പെടുത്താനും
അനുഗ്രഹവും കൃപയും പാപ്പയ്ക്ക് നൽകണമേ.
എല്ലാവിധ ശത്രുക്കളിൽ നിന്നും പാപ്പായെ സംരക്ഷിക്കണമേ,
തളരുമ്പോൾ അവിടുത്തെ ബലമേകണമേ,
വിശ്വസ്ഥതയോടെ കൂടെ നിൽക്കുന്നവരെ എപ്പോഴും നൽകണമേ.
പാപ്പയുടെ സ്വരത്താൽ ദൈവീക സുവിശേഷം പ്രഘോഷിക്കപ്പെടട്ടെ,
അവിടുത്തെ ജീവിതത്താൽ ദൈവീകസ്നേഹം പ്രകാശിതമാവട്ടെ,
അതുവഴി ഞങ്ങൾ വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ഒന്നാവുകയും ചെയ്യട്ടെ.
ഈ പ്രാർത്ഥന നമ്മുടെ കർത്താവായ ക്രിസ്തുവഴി സമർപ്പിക്കുന്നു, കൃപയോടെ കേൾക്കണമേ! ആമ്മേൻ.













CHICAGO SUN-TIMES
DA POPE!

www.malankaralibrary.com











**ലിയോ പതിനാലാമൻ മാർപാപ്പ ഈ പേര് സ്വീകരിക്കാൻ കാരണക്കാരനായ ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ ജീവചരിത്ര സംഗ്രഹം ചുവടെ ചേർക്കുന്നു:**

ക്രിസ്തുവർഷം 1878 ഫെബ്രുവരി 20 മുതൽ 1903 ജൂലൈ 20 വരെ സഭയെ നയിച്ച മാർപാപ്പയാണ് ലിയോ പതിമൂന്നാമൻ. ഇറ്റലിയിലെ കാർപനേത്തോ റൊമാനൊ എന്ന പട്ടണത്തിൽ എ.ഡി. 1810 മാർച്ച് 2-ന് ലുഡോവിക്കോ പെച്ചിയുടെയും അന്ന പ്രോസ്പെരിയുടെയും മകനായി വിഞ്ചെൻസോ പെച്ചി ജനിച്ചു. വളരെ ഭക്തിയുള്ള കുടുംബ അന്തരീക്ഷത്തിൽ വളർന്ന വിഞ്ചെൻസോ വിത്തെർബോയിലുള്ള ഈശോസഭാ സ്കൂളിൽ തന്റെ പ്രാഥമിക വിദ്യാഭ്യാസം നടത്തി. അമ്മയുടെ മരണത്തോടെ പിതാവിനോടോത്ത് വസിക്കുന്നതിനായി അദ്ദേഹവും സഹോദരനും റോമിൽ എത്തുകയും കൊളേജിയോ റൊമാനോയിൽ (ഗ്രിഗോറിയൻ സർവ്വകലാശാല) ചേർന്ന് പഠനം തുടരുകയും ചെയ്തു. സഹോദരൻ ജുസേപ്പെ ഈശോ സഭയിലും വിഞ്ചെൻസോ രൂപതയിലും വൈദികരായി. സഭാനിയമവും നയതന്ത്രവും പഠിക്കുന്നതിനായി അദ്ദേഹത്തെ അധികാരികൾ റോമിലെ പൊന്തിഫിക്കൽ അക്കാദമിയിൽ അയച്ചു. എ.ഡി. 1836-ൽ ദൈവശാസ്ത്രത്തിലും സഭാനിയമത്തിലും സിവിൽ നിയമത്തിലും അദ്ദേഹം ഡോക്ടർ ബിരുദം സമ്പാദിച്ചു.

വിഞ്ചെൻസോ സഹോദരനൊപ്പം പൗരോഹിത്യ പട്ടം സ്വീകരിച്ചു പ്രഥമ ദിവ്യബലിയർപ്പണവും നടത്തി. അധികം താമസിയാതെ ഗ്രിഗറി പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ ബൊനവെന്തോ നഗരത്തിലെ പേപ്പൽ പ്രതിനിധിയായി നിയമിച്ചു. നഗരത്തിൽ നടമാടിയിരുന്ന അരക്ഷിതാവസ്ഥയ്ക്ക് അദ്ദേഹം അറുതി വരുത്തി. പിന്നീട് പെറൂജ നഗരത്തിന്റെ ചുമതലയുള്ളപ്പോൾ മാർപാപ്പയുടെ സന്ദർശനത്തിന് വഴി ഒരുക്കുകയും ഗ്രിഗറി പതിനാറാമൻ ദിവസങ്ങളോളം അവിടെ താമസിച്ചു ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിക്കുകയും ചെയ്തു. എ.ഡി. 1843-ൽ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ബെൽജിയത്തെ പേപ്പൽ പ്രതിനിധിയായി അദ്ദേഹത്തെ നിയമിച്ചു. വിൻഞ്ചെൻസോ താത്പര്യമെടുത്തിട്ടാണ് റോമിലെ ബെൽജിയൻ കോളേജ് ആരംഭിച്ചത്. ഇതാരംഭിച്ചു നൂറ്റിരണ്ടു വർഷങ്ങൾക്ക് ശേഷം ഭാവിയിലെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇവിടെ താമസിച്ചു പഠിക്കുന്നത് മറ്റൊരു ചരിത്ര സംഭവമായി. ബെൽജിയത്തെ സേവന കാലയളവിൽ ജർമ്മനിയിലെ കൊളോൺ കത്തീഡ്രലിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലും അദ്ദേഹം സഹകാരിയായി.

എ.ഡി. 1846-ൽ പെറൂജിയായിലെ ആർച്ചുബിഷപ്പായി മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു. രൂപതയിലെ വിശ്വാസികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി അദ്ദേഹം ഒരു രൂപതാ കൗൺസിൽ വിളിച്ചുകൂട്ടി. വൈദിക പരിശീലനത്തിന് വലിയ പ്രാധാന്യം നൽകുകയും രൂപതാസെമിനാരി നിരന്തരം സന്ദർശിക്കുകയും ചെയ്തു. പേരുകേട്ട തോമിസ്റ്റ് ചിന്തകനായിരുന്ന തന്റെ സഹോദരൻ ജുസേപ്പ് ഉൾപ്പെടെയുള്ളവരെ പെറൂജിയായിൽ അധ്യാപനത്തിനായി കൊണ്ടുവന്നു. അനാഥക്കുട്ടികൾ പ്രായമായ സ്ത്രീകൾ എന്നിവർക്കായി ഭവനങ്ങൾ ആരംഭിക്കുകയും പാവപ്പെട്ടവരെ സഹായിക്കുന്നതിനായി ഒരു ബാങ്കിങ് സംവിധാനം തുടങ്ങുകയും ചെയ്തു.





കപ്പൂച്ചിയൻ സന്യാസിമാരുടെ നേതൃത്വത്തിൽ പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുന്നതിനായി 'സൂപ്പ് കിച്ചൺ' പരിപാടി അദ്ദേഹം ആരംഭിച്ചു.

എ.ഡി. 1853 ഡിസംബർ 19-ന് കർദിനാളായപ്പോൾ ആഘോഷങ്ങൾ ഇല്ലാതാക്കി ആ പണം അടുത്തകാലത്തുണ്ടായ ഭൂമികുലുക്കത്തിന്റെയുംവെള്ളപ്പൊക്കത്തിന്റെയും കെടുതികൾ അനുഭവിക്കുന്നവർക്കായി നല്കി. ഇറ്റലിയിലെ അധികാരികൾ സഭയുടെ കോൺവെന്റുകളും ആശ്രമങ്ങളും ബലമായി പിടിച്ചെടുത്തു ഭരണ നിർവഹണ ഭവനങ്ങളും സൈനിക കെട്ടിടങ്ങളും ആക്കിയപ്പോൾ കർദിനാൾ വിഞ്ചെൻസോ അതിനെ എതിർത്തു. തന്റെ സെമിനാരി അങ്ങനെ നഷ്ടപ്പെടാതിരിക്കാനായി സെക്കുലർ വിഷയങ്ങൾ പഠിപ്പിക്കുകയും എല്ലാവർക്കും പ്രവേശനം അനുവദിക്കുകയും ചെയ്തു. കർദിനാൾ വിഞ്ചെൻസോയും സഹോദരൻ ജുസേപ്പും ഒന്നാം വത്തിക്കാൻ കൗൺസിലിൽ സഹായികളായിരുന്നു. ആധുനിക കാലഘട്ടത്തിൽ സഭയുടെ പങ്കിനെക്കുറിച്ചു നിരവധി പ്രസംഗങ്ങൾ അദ്ദേഹം നടത്തി. എ.ഡി. 1877-ൽ പിയൂസ് ഒൻപതാം മാർപാപ്പ അദ്ദേഹത്തെ സഭയുടെ കാമർലിംഗോയായി നിയമിച്ചു.

പിയൂസ് ഒൻപതാം മാർപാപ്പ കാലം ചെയ്തതിന് ശേഷം നടന്ന കോൺക്ലേവിൽ വച്ച് എ.ഡി. 1878 ഫെബ്രുവരി ഇരുപതിന് കർദിനാൾ വിഞ്ചെൻസോ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെടുകയും ലിയോ എന്ന നാമം സ്വീകരിക്കുകയും ചെയ്തു. സഭയെ ആധുനിക ലോകത്തിൽ കൂടുതൽ പ്രസക്തമാക്കുക എന്നതായിരുന്നു തന്റെ ദൗത്യമായി ലിയോ മാർപാപ്പ കരുതിയിരുന്നത്. സ്കോളാസ്റ്റിക് പഠനത്തിന് പ്രാധാന്യം നല്കുകയും, വത്തിക്കാന്റെ രഹസ്യ ചരിത്രരേഖകൾ ഗവേഷണത്തിനായി തുറന്ന് കൊടുക്കുകയും ചെയ്തു. ശാസ്ത്രവും വിശ്വാസവും ഒരുമിച്ചു നിൽക്കേണ്ടതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വത്തിക്കാന്റെ വാനനിരീക്ഷണാലയം പുനരാരംഭിച്ചു. ചരിത്രത്തിൽ ആദ്യമായി ഒരു മാർപാപ്പയുടെ ശബ്ദം റെക്കോർഡ് ചെയ്തിരിക്കുന്നതും ചലിക്കുന്ന ഒരു രൂപം ക്യാമറയിൽ പകർത്തിയിരിക്കുന്നതും ലിയോ പതിമൂന്നാമന്റേതാണ്.

എ.ഡി. 1891-ൽ റോമിൽ കോളറ പടർന്നു പിടിച്ച സമയത്ത് വത്തിക്കാനുള്ളിൽ രോഗികളെ പരിചരിക്കുന്നതിനായി ഒരു ഹോസ്പിസ് മാർപാപ്പ പണികഴിപ്പിച്ചു. 1996-ൽ ഇപ്പോഴത്തെ സാന്താ മാർത്ത ഭവനം പണിയുന്നതിനായിട്ടാണ് ഈ കെട്ടിടം പൊളിച്ചുമാറ്റിയത്. റഷ്യൻ സാമ്രാജ്യവുമായി സൗഹൃദ ബന്ധം സ്ഥാപിക്കുന്നതിന് മാർപാപ്പ ധാരാളം കാര്യങ്ങൾ ചെയ്തു. അതിനായി ഫ്രാൻസും റഷ്യയും തമ്മിലുള്ള പ്രശ്നപരിഹാരത്തിന് മാർപാപ്പ ഇടപെടുകയും അവർ സമാധാനത്തിലാവുകയും ചെയ്തു.



ജർമ്മനിയിലെ ബിസ്മാർക്ക് ഭരണകൂടം സഭയ്ക്കെതിരായി നിയന്ത്രണങ്ങൾ കൊണ്ടുവന്നപ്പോൾ അവിടെയും മാർപാപ്പ ഇടപെട്ട് രമ്യമായി കാര്യങ്ങൾ പരിഹരിച്ചു. എ.ഡി. 1879-ൽ ആംഗ്ലിക്കൻ സഭയിൽ നിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട ഇംഗ്ളീഷ് ചിന്തകനും ദൈവശാസ്ത്രജ്ഞനുമായ ജോൺ ഹെന്റി ന്യൂമാനെ മാർപാപ്പ കർദിനാൾ പദവിയിലേക്ക് ഉയർത്തി. ഇംഗ്ളീഷ് സന്യാസി വി. വെനറബിൾ ബീഡ്, അലക്സാൻഡ്രിയായിലെ സിറിൽ, ജറുസലേമിലെ സിറിൽ, ദമാസ്കസിലെ ജോൺ എന്നിവരെ സഭയിലെ വേദപാരംഗതന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തി.

നോർത്ത് അമേരിക്കൻ സഭയുടെ വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ മാർപാപ്പ നല്കി. മൂന്നാം ബാൾട്ടിമോർ കൗൺസിലിന്റെ ഡിക്രികൾ അംഗീകരിക്കുകയും എ.ഡി. 1887 ഏപ്രിൽ 10-ന് അമേരിക്കൻ കാത്തലിക്ക് സർവ്വകലാശാല വാഷിങ്ടൺ നഗരത്തിൽ ആരംഭിക്കുകയും ചെയ്തു. 'ഇൻ പ്ലൂറിമിസ്' എന്ന പേരിൽ പ്രസിദ്ധീകരിച്ച ചാക്രികലേഖനത്തിലൂടെ ലാറ്റിൻ അമേരിക്കയിലെ അടിമവ്യാപാരം മാർപാപ്പ നിരോധിച്ചു. ഇന്ത്യയിലും, ബർമ്മയിലും, സിലോണിലുമുള്ള വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സിലോണിലെ കാന്റിയിൽ മാർപാപ്പ പൊന്തിഫിക്കൽ സെമിനാരി ആരംഭിച്ചു. ഇന്ന് ഈ സെമിനാരി മഹാരാഷ്ട്രയിലെ പൂനെയിലാണ് സ്ഥിതി ചെയ്യുന്നത്. അത് സ്ഥാപിച്ചു കൊണ്ടുള്ള മാർപാപ്പയുടെ പ്രസ്താവന വളരെ പ്രസിദ്ധമാണ്. 'ഇന്ത്യയുടെ രക്ഷ അവളുടെ മക്കളിലൂടെയാണ്' (*Filii tui India, administri tibi salutis*).

കിഴക്കൻ ആഫ്രിക്കയിലെ മിഷൻ പ്രവർത്തനത്തിന് മാർപാപ്പ അനുവാദവും പ്രോത്സാഹനവും നൽകി. അതുവഴിയായി ഉഗാണ്ട, താൻസാനിയ, റുവാണ്ട പ്രദേശങ്ങളിൽ സഭ അതിവേഗം വളർന്നു. വി. തോമസ് അക്വീനാസിന്റെ വലിയ ആരാധകനായിരുന്ന ലിയോ മാർപാപ്പ തന്നെയാണ് ഇന്നത്തെ രീതിയിൽ സെന്റ് തോമസ് പൊന്തിഫിക്കൻ സർവ്വകലാശാല എ.ഡി. 1879 ഒക്ടോബർ 15-ന് നവീകരിക്കുന്നത്. ആദ്യവെള്ളിയാഴ്ചയിലെ തിരുഹൃദയ ഭക്തി ആരംഭിച്ചതും ലോകത്തെ മുഴുവൻ കർത്താവിന്റെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചതും ലിയോ



മാപാപ്പയാണ്. വലിയ മരിയ ഭക്തനായിരുന്ന മാർപാപ്പ ജപമാല ഭക്തിയെക്കുറിച്ചുതന്നെ പന്ത്രണ്ട് ചാക്രികലേഖനങ്ങളാണ് എഴുതിയിരിക്കുന്നത്.

ആധുനിക കാലഘട്ടത്തിലെ ഏറ്റം വലിയ സ്വാധീനങ്ങളിൽ ഒന്നാണ് ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ 'റേരും നൊവാരും' എന്ന സാമൂഹിക ചാക്രിക ലേഖനം. ഇതിനെ അധികരിച്ചു പിന്നീട് വന്ന മാർപാപ്പാമാരും സാമൂഹികതിന്മകൾക്കെതിരെ നിരവധി ചാക്രിക ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. എ.ഡി. 1887-ലാണ് വി. കൊച്ചുത്രേസ്യയുടെ റോമൻ തീർത്ഥാടന സമയത്ത് മാർപാപ്പയുമായുള്ള പ്രസിദ്ധമായ കൂടിക്കാഴ്ചയും അതിനെത്തുടർന്ന് പതിനഞ്ചാം വയസ്സിൽ മഠത്തിൽ ചേരാൻ ലിസ്യൂവിലെ ബിഷപ്പിന്റെ അനുവാദവും ലഭിക്കുന്നത്. എ.ഡി 1903 ജൂലൈ 20-ന് കാലം ചെയ്ത ലിയോ പതിമൂന്നാമൻ മാർപാപ്പയെ അടക്കിയിരിക്കുന്നത് ജോൺ ലാറ്ററൻ ബസിലിക്കയിലാണ്. നീണ്ട ഇരുപത്തഞ്ചു വർഷക്കാലം സഭയെ നയിച്ച ലിയോ മാർപാപ്പയാണ് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയ്ക്ക് ശേഷം ചരിത്രത്തിൽ ഏറ്റം കൂടുതൽ കാലം ജീവിച്ച പാപ്പ.

www.malankaralibrary.com



# ദുർബലരുടെ പക്ഷം ചേരാൻ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്ത് പുതിയ മാർപ്പാപ്പ

**ഡോ. കെ. വി. തോമസ്കുട്ടി കൈമലയിൽ**



പ്രതീക്ഷാനിർഭരമാണ് നമ്മുടെയൊക്കെ ജീവിതം. ചുറ്റും ദുസ്വപ്നങ്ങൾ പോലെ പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുമ്പോഴും നല്ലൊരു നാളെയെ പ്രതീക്ഷയോടെ നമ്മളെല്ലാം കാത്തിരിക്കുന്നു. പ്രതീക്ഷകൾക്ക് ചിറക് നൽകുന്ന മനോഹരമായ സംഭവങ്ങളും കാഴ്ചകളും നമുക്ക് ഊർജ്ജം പകരും. കയ്യെത്തുന്ന ദൂരത്തു സ്നേഹത്തിലേക്കും, കാരുണ്യത്തിലേക്കും വഴികാട്ടുന്ന ഒരു സമാധാന ദൂതന്റെ സാന്നിധ്യമാണ് ആഗോള കത്തോലിക്കാ

സഭയുടെ പരമാധ്യക്ഷനായി ലിയോ പതിനാലാമൻ മാർപാപ്പ സ്ഥാനം ഏറ്റെടുത്തപ്പോൾ ലോകം അനുഭവിച്ചത്. വത്തിക്കാൻ സ്ക്വയറിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തിയ ജനസാഗരം അതിനു സാക്ഷിയായി. ആരെയും അത്ഭുതപ്പെടുത്തുന്ന പാരമ്പര്യത്തനിമയും പ്രൗഢിയും ഒത്തുചേർന്ന, വളരെ കൃത്യതയിൽ ചിട്ടപ്പെടുത്തിയ ചടങ്ങുകളുടെയും സ്ഥാനാരോഹണ കുർബാനയുടെയും മദ്ധ്യേ പാലിയവും മുക്കുവന്റെ മോതിരവും സ്വീകരിച്ച് ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായി ലിയോ പതിനാലാമൻ 2025 മെയ് 18 ഇന്ത്യൻ സമയം 1.30 ന് ചുമതലയേറ്റു. തിരഞ്ഞെടുപ്പ് സൂര്യന്റെ ചുവന്ന രശ്മികൾ തിരശീലകൾക്കു പിന്നിൽ പ്രകാശ രശ്മികൾ ചൊരിഞ്ഞു നിൽക്കുന്ന സന്ധ്യയിൽ, പ്രാർത്ഥനയുടെയും സംഗീതത്തിന്റെയും നാദപൂർണ്ണതയിൽ കണ്ണുചിമ്മാതെ ആകാംക്ഷയോടെ ജനലക്ഷങ്ങൾ ഒന്നുചേർന്ന് നിൽക്കവെ വത്തിക്കാൻ സിസ്റ്റൈൻ ചാപ്പൽ ചിമ്മിനിയിൽ നിന്ന് പ്രതീക്ഷയുടെയും പ്രത്യാശയുടെയും വെളുത്ത പുക ഉയർന്നു. ആറു മണി. ജനത്തിന്റെ ആരവം കൊണ്ടു അന്തരീക്ഷം മുഖരിതമായി. പിന്നീട കണ്ടത് വത്തിക്കാൻ സ്ക്വയറിലേക്കുള്ള ജനത്തിന്റെ ഒഴുക്കാണ്. സെന്റ് പീറ്റ് ബസലിക്കായുടെ ബാൽക്കണിയിൽ കാർഡിനൽ ഡൊമിനിക് മാംബർട്ടി (Dominique Mamberti) ലോകത്തോട ലത്തീൻ ഭാഷയിൽ പ്രഖ്യാപിച്ചു "Habemus papam" (We have a Pope) നമുക്കൊരു പാപ്പായെ ലഭിച്ചു. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിനെ മാർപാപ്പയായി തിരഞ്ഞെടുത്തു. ജനത്തിന്റെ ആരവം ഉച്ചസ്ഥായിയിൽ എത്തി. പുതിയ വലിയ ഇടയൻ ലോകത്തിനു മുൻപിലേക്ക് പ്രത്യക്ഷപ്പെട്ട നഗരത്തിനും ലോകത്തിനുമായി (Urbi et Orbi) GBS ആശിർവാദം നൽകി. ലിയോ പതിനാലാമൻ എന്ന പേരാണ് നിയുക്ത മാർപാപ്പ സ്വീകരിച്ചത്. നാലാമത്തെ തിരഞ്ഞെടുപ്പിലാണ് പുതിയ മാർപാപ്പയെ തിരഞ്ഞെടുത്തത്. പുതിയ മാർപാപ്പയെ തിരഞ്ഞെടുത്ത ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 133 കർദിനാൾമാരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ ബസേലിയോസ് കാർഡിനാൾ ക്ലീമിസ് കാതോലിക്കാബാവായും ഉണ്ടായിരുന്നു എന്നത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്.

**പ്രവചനാതീതമായ ദൈവീക ഇടപെടൽ**

കത്തോലിക്കാ സഭയുടെ അസാധാരണ മഹത്വം വെളിപ്പെട്ട നിമിഷമായിരുന്നു അത്. മാധ്യമങ്ങളും നേതാക്കളും ബുദ്ധിയുടെ തലത്തിൽ ചിന്തിക്കുന്നതോ പ്രവചിക്കുന്നതോ അല്ല, പരിശുദ്ധാത്മാവിന്റെ വലിയ ഇടപെടലാണ് ഓരോ മാർപ്പാപ്പയുടെയും തിരഞ്ഞെടുപ്പ് എന്ന് വെളിപ്പെട്ട മുഹൂർത്തം. (ഫ്രാൻസിസ് മാർപാപ്പയുടെ സമയത്തും പ്രവചനങ്ങൾ തെറ്റിച്ച തെരഞ്ഞെടുപ്പാണ് നടന്നത്, ഫ്രാൻസിസ് മാർപ്പാപ്പയുടെ ആരോഗ്യ പ്രശ്‌ങ്ങൾ തുടങ്ങിയതുമുതൽ എത്രയെത്ര പ്രവചനങ്ങളാണ് വന്നത്. മനുഷ്യന്റെ ബുദ്ധിയല്ല പ്രാർത്ഥനയുടെ ബലമാണ് ഈ തെരഞ്ഞെടുപ്പ് എന്ന് ലോകം തിരിച്ചറിയുന്നു. നൂറ്റിനാൽപതുകോടി മനുഷ്യരുടെ പ്രാർത്ഥനയുടെ ബലമാണത്. ഈ പ്രാർത്ഥനയുടെ ഉൾക്കനം ലിയോ പതിനാലാമൻ മാർപാപ്പയുടെ മുഖത്തുനിന്നും വായിച്ചെടുക്കാമായിരുന്നു. താൻ തെരഞ്ഞെടുക്കപ്പെട്ട വലിയ ദൈവനിയോഗത്തിന്റെ ആഴവും പരപ്പും ഉൾക്കൊണ്ട് ഉള്ളിൽ കനംതൂങ്ങിയ കണ്ണുനീർ പിടിച്ചൊതുക്കി, അധികമായ വികാരവിക്ഷോഭമില്ലാതെ പറയാനുള്ള കാര്യങ്ങൾ കൃത്യമായി പറയാൻ കാണിച്ച അസാധാരണമായ ശക്തി എന്നും ഓർക്കപ്പെടും. യുദ്ധത്തിന്റെയും കെടുതികളുടെയും നാളിൽ സമാധാനത്തിന്റെ സന്ദേശമാണ് അദ്ദേഹം ആദ്യമായി ലോകത്തിനു നൽകിയത്, ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ തുടർച്ചപോലെ കത്തോലിക്കാ സഭയുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചു മുന്നോട്ടുപോകുമെന്ന് നിശ്ചയദാർഢ്യമാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിച്ചു നിന്നത്.



www.malankaralibrary.com

**അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പാ**

കത്തോലിക്ക സഭാ ചരിത്രത്തിൽ ആദ്യമായാണ് അമേരിക്കയിൽ നിന്നുള്ള ഒരാൾ മാർപാപ്പയാകുന്നത്. അമേരിക്കയിൽ ചിക്കാഗോയിലാണ് അദ്ദേഹത്തിന്റെ ജനനം. അഗസ്റ്റീനിയൻ സന്യാസ സമൂഹാംഗമായി. അമേരിക്കയിൽ ജനിച്ചു വളർന്നെങ്കിലും 1985 ൽ ഒരു മിഷനറി ആയി തെക്കേ അമേരിക്കയിലെ പെരുവിലേക്കു നിയോഗിക്കപ്പെട്ടു. തെക്കേ അമേരിക്കയുടെ പടിഞ്ഞാറുഭാഗത്തുള്ള സമ്പന്നമല്ലാത്ത ഒരു റിപ്പബ്ലിക്കാണ് പെറു. പെറുവിന്റെ ചരിത്രം മുഴുവൻ സംഘർഷങ്ങളുടെയും യുദ്ധങ്ങളുടെയും, ദാരിദ്ര്യത്തിന്റേയുമാണ്. 30 വർഷത്തോളം ഒരു മിഷനറിയായി പ്രവർത്തിച്ച റോബർട്ട് പ്രെവോസ്റ്റ് പെറുവിൽ പിന്നീട് ആർച്ച് ബിഷപ്പായും പ്രവർത്തിച്ചു. ആദ്യത്തെ ലാറ്റിനമേരിക്കൻ പോപ്പായിരുന്നു ഫ്രാൻസിസ് മാർപാപ്പ. അദ്ദേഹത്തിന് ശേഷം ഇപ്പോൾ ആദ്യത്തെ അമേരിക്കൻ പോപ്പായി റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ചുമതലയേറ്റിരിക്കുന്നു. ആഗോള കത്തോലിക്കാ സഭയുടെ 267- ാമത്തെ പോപ്പാണ് ഇദ്ദേഹം.

**പെറുവിന്റെ ഭാഗ്യം**

1985 മുതൽ 1998 വരെ പെറുവിൽ ഇടവക വൈദികൻ, രൂപത വക്താവ്, സെമിനാരിയുടെ റെക്ടർ എന്നിങ്ങനെ വിവിധ ചുമതലകൾ വഹിച്ചു. 2001 ൽ സെന്റ് അഗസ്റിൻ സന്യാസസമൂഹത്തിന്റെ ജനറാൾ ആയി അദ്ദേഹം അമേരിക്കയിലേക്ക് മടങ്ങി വന്നു. 2013 വരെ അദ്ദേഹം സന്യാസ സമൂഹത്തിന്റെ ജനറാൾ ആയിരുന്നു. തുടർന്ന് 2025 ൽ പെറുവിലെ ചിക്ലയോ രൂപതയുടെ ബിഷപ്പ്ആയി ചുമതലയേറ്റു. 2023ൽ പോപ്പ് ഫ്രാൻസിസ് അദ്ദേഹത്തെ കർദിനാളായി ഉയർത്തി വത്തിക്കാനിലേയ്ക്ക് തിരികെ കൊണ്ടുവന്ന് ബിഷപ്പുമാരുടെ



ഡിക്കാസ്പറിയുടെ തലവനായി നിയമിച്ചു. ലോക മെമ്പാടുമുള്ള ബിഷപ്പുമാരുടെ നാമനിർദ്ദേശങ്ങൾ പരിശോധിക്കുന്ന സമിതിയുടെ തലവനെന്നതായിരുന്നു 2023ൽ ഫ്രാൻസിസ് മാർപാപ്പ റോബർട്ട പ്രെവോസ്പിന് നൽകിയ ചുമതല. കത്തോലിക്കാ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിൽ ഒന്നായാണ് ഇത് കണക്കാക്കപ്പെടുന്നത്

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ നല്ല ഭാഗവും പെറുവിലെ ജനത്തിനുവേണ്ടിയാണ് ജീവിച്ചത് 1985 മുതൽ പെറുവിലെ സാധാരണ ജനത്തോടൊപ്പം വിവിധ സേവന മേഖലകളിൽ പ്രവർത്തിച്ചു എന്ന് മാത്രമല്ല 2015-ൽ റോബർട്ട് പ്രെവോസ്പ് പെറുവിയൻ പൌരത്വവും നേടി. പെറുവിലെ രാഷ്ട്രീയ അസ്ഥിരതയും, തീവ്രവാദവും, അഴിമതിയും കൊണ്ട് ദുരിതം അനുഭവിച്ച മനുഷ്യരുടെ കണ്ണീർ നേരിട്ടു കാണുകയും അനുഭവിക്കുകയും ചെയ്ത റോബർട്ട് പ്രെവോസ്പിന് മനുഷ്യന്റെ യാതനകളുടെ ആഴം അറിയാം. അതുകൊണ്ടാണ്തന്റെ തെരഞ്ഞെടുപ്പിനെ തുടർന്ന് നഗരത്തെയും ലോകത്തെയും ആശീർവദിക്കാൻ പ്രത്യക്ഷപ്പെട്ട മാർപ്പാപ്പ പെട്ടെന്ന് മടങ്ങിപ്പോകുകയല്ല, ജനത്തിന്റെ ആരവത്തോടു ചേർന്ന്, കണ്ണ് നനയ്ക്കുന്ന സ്നേഹത്തോടു ചേർന്ന്നിൽക്കുകയാണ് ചെയ്യത്. ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള വലിയ ഇടയന്റെ സ്നേഹ സാന്നിധ്യ



മാണ് നേരിട്ടും ടിവി കളിലൂടെയും ലോകം മുഴുവൻ കണ്ടത്.

**ഒരു പേരിലെന്തിരിക്കുന്നു**

തന്റെ കഥാപാത്രമായ ജൂലിയറ്റിനെക്കൊണ്ട് വില്യം ഷേക്സ്പിയർ ചോദിച്ച ചോദ്യമാണ്. ഏറെക്കാര്യങ്ങൾ ഉണ്ട് എന്നതാണ് സത്യം. ലിയോ പതിനാലാമൻ മാർപാപ്പ തന്റെ പേര് സ്വീകരിച്ചതും യാദൃശ്ചികം എന്ന് കരുതിക്കൂടാ. 1878 മുതൽ 1903 വരെ മാർപാപ്പ ആയിരുന്ന ലിയോ പതിമൂന്നാമനാണ് ലിയോ എന്നപേരിലുള്ള അവസാനത്തെ പാപ്പാ. അശരണരും ദുർബലരും തൊഴിലാളികളുമായി സാധാരണ ജനത്തിന് വേണ്ടി നിലകൊണ്ട പാപ്പായായിരുന്നു ലിയോ പതിമൂന്നാമൻ. ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ ചാക്രിയ ലേഖനം മ്റമും സെറവാരും പ്രസിദ്ധമാണ്. ഇതിന്റെ ഉള്ളടക്കം തൊഴിലാളി വർഗത്തിന്റെ അവസ്ഥ ആയിരുന്നു. തൊഴിലാളികളുടെ മേൽ നീതിരഹിതമായ ചുമത്തപ്പെടുന്ന കഷ്ടപ്പാടും ദുരിതവുമാണ് അദ്ദേഹം ഈ ചാക്രിയ ലേഖനത്തിലൂടെ അഭിസംബോധന ചെയ്തത്. സമാനമായി യാതന അനുഭവിക്കുന്ന തൊഴിലാളികളുടെയും, സാധാരണക്കാരുടെയും, ചൂഷണം അനുഭവിക്കുന്ന സകലമനുഷ്യരുടേയും കാവലാളാകുമെന്ന സൂചന പേരിൽ തന്നെ ഉണ്ട് ഫ്രാൻസിസ് മാർപ്പാപ്പ തുടങ്ങിവച്ച ദുർബലരോടും പീഡിതരോടുമുള്ള പക്ഷംപിടിക്കൽ കൂടുതൽ ആർജവത്തോടെ തുടരും എന്ന സൂചനയാണ് ലിയോ പതിനാലാമൻ എന്ന പേര് സ്വീകരിക്കുകവഴി വലിയ ഇടയൻ ലോകത്തിനു നൽകിയ സന്ദേശം.

**സമാധാന ദൂതൻ**

'നമുക്ക് സംഭാഷണങ്ങളിലൂടെയും കൂടിക്കാഴ്ചകളിലൂടെയും പാലങ്ങൾ പണിയാൻ ശ്രമിക്കാം. അങ്ങനെ നമുക്ക് സമാധാനത്തിൽ ജീവിക്കുന്ന ഒറ്റ ജനതയാകാം'. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടയുടൻ ലിയോ പതിനാലാമൻ മാർപാപ്പ ലോകത്തിനു നൽകിയ സന്ദേശമാണ്.

92 രാജ്യങ്ങളിലായി 110 ഇടങ്ങളിൽ സായുധ പോരാട്ടം നടക്കുന്ന സമയത്താണ് ഈ ആഹ്വനം എന്നത് ശ്രദ്ധേയമാണ് . സിറിയ, യമൻ, ലിബിയ, ഇറാക്ക് ഷീ്യ എന്നിവിടങ്ങളിലെ സംഘർഷങ്ങൾ മാത്രമല്ല, ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ സുഡാൻ, എത്യോപ്യ, കോംഗോ, നൈജീരിയ, സോമാലിയ എന്നിവിടങ്ങളിലും റഷ്യൻ - ഉക്രയിൽ യുദ്ധവും, മ്യാൻമാറിലെ ആഭ്യന്തര കലാപവും ഒക്കെ ചേർന്ന് നിരാലംബരായ മനുഷ്യരുടെ യാതനകൾ ഓർത്തുള്ള ആകുലത പ്രകടമാണ്. മാര്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷമുള്ള ഞായറാഴ്ചയിലെ പ്രസംഗത്തിലും അദ്ദേഹം ലോക സമാധാനത്തിനാണ് ആഹ്വാനം ചെയ്തത് തൽക്കാല ശമനത്തിലെത്തിയ ഇന്ത്യ - പാകിസ്ഥാൻ സംഘർഷത്തിൽ അദ്ദേഹം ആശ്വാസം പ്രകടിപ്പിച്ചു. സമാധാനത്തിന്റെയും കരുണയുടെയും സന്ദേശവുമായി ലോകം നിറഞ്ഞുനിന്ന ഫ്രാൻസിസ് മാർപാപ്പയുടെ യദാർത്ഥ പിൻഗാമിയായി, സമാധാന ദൂതനായി അദ്ദേഹം സ്വയം പ്രതിഷ്ഠിച്ചു.

എല്ലാവരെയും ഉൾക്കൊള്ളുള്ള ആഗോള സഭയുടെ വക്താവാണ് അദ്ദേഹം. കണക്കും കാനൻ നിയമവും ഇഷ്ടവിഷയങ്ങളും ടെന്നീസ് ഇഷ്ട വിനോദവുമാണ്. വില്ലനോവ സർവകലാശാലയിൽ നിന്നും കണക്കിൽ ബിരുദം നേടിയ അദ്ദേഹത്തിന്റെ ഡോക്ടറേറ്റ് കാനൻ നിയമത്തിലാണ്. പെറുവിലെ ട്രുജില്ലോ സെമിനാരിയിൽ അദ്ദേഹം കാനൻ നിയമമാണ് പഠിപ്പിച്ചത്. കുടിയേറ്റം, ധാർമ്മിക വിഷയങ്ങൾ, സ്ത്രീകളെ ഡീക്കന്മാരായി നിയമിക്കുന്നത്, പരിസ്ഥിതി സംരക്ഷണം, സമാധാന യജ്ഞങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളോട് ചേർന്നുനിന്ന്, ദുംഖിതരെയും പീഡിതരെയും ചേർത്തുനിർത്തി ആലോചനയോടെ തീരുമാനങ്ങൾ എടുക്കുന്ന ശൈലിയാണ് ലിയോ പതിനാലാമൻ മാർപാപ്പയ്ക്കുള്ളത്.

സഭയുടെ ചരിത്രത്തിൽ ആദ്യമായി അമേരിക്കയിൽ നിന്നും ഒരു മാർപാപ്പ എന്നത് മാത്രമല്ല അഗസ്തീനിയൻ സന്യാസ സമൂഹത്തിൽ നിന്നും ആദ്യമായി മാർപാപ്പ ആകുന്നതും പോപ്പ് ലിയോ പതിനാലാമനാണ്. അജപാലന സമർപ്പണവും, ആഗോള അവബോധവും അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. പെറുവിലെ അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനവും സഭാ നേതൃത്വവും സാമൂഹ്യനീതി, വൈവിധ്യങ്ങളെ ഉൾപ്പെടുത്തൽ, സംവാദത്തിന്റെ സാധ്യത തേടൽ എന്നിവയോടുള്ള സമമർപ്പണത്തിനും ദൃഢനിശ്ചയത്തിനും അടിവരയിടുന്നതാണ്. ആധുനിക സമൂഹത്തിന്റെ മുഖ്യധാരയിൽ കേന്ദ്രബിന്ദുവും ശക്തിസ്രോതസ്സുമായി അദ്ദേഹം നിൽകുമ്പോൾ, പ്രകൃതി, കരുണ, സമാധാനം, പ്രത്യാശ, ഒരുമ എന്നിവയിലൂടെ മുറിവുണക്കുന്ന സ്നേഹത്തിന്റെ സൌമ്യ സ്പർശമായി ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ശിഷ്ടകാലം പുതിയ ആകാശവും പുതിയ ഭൂമിയും പുനംസൃഷ്ടിക്കുന്നതിന് പുതിയ ഇടയന് സാധിക്കട്ടെ എന്നാശംസിക്കുന്നു.

www.malankaralibrary.com



റവ. ഫാ. ജോർജ്ജ് കൈമലയിൽ

# ഐക്യത്തിന്റെ ദൂതുമായി സഭയുടെ അമരത്ത്

എനിക്ക് ഇഷ്ടപ്പെട്ട ഇടയൻമാരെ ഞാൻ നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും (ജറെമിയാ 3:15). രണ്ടായിരം വർഷത്തിലെ സഭാചരിത്രത്തിൽ കാലത്തിന് അനുയോജ്യരായ മഹാ ഇടയന്മാരെ ദൈവം സഭയ്ക്ക് നൽകിപ്പോന്നു.പേമാരിയുടെയും പ്രതിസന്ധികളുടെയും മധ്യേയും പത്രോസിന്റെ നൗക പോറൽ ഏൽക്കാതെ അനുസ്യൂതം മുമ്പോട്ട് തന്നെ പായുന്നു.

കഴിഞ്ഞ കാലങ്ങളിൽ സഭ നേരിട്ട പ്രതിസന്ധികൾ നിരവധിയാണ്. വിവിധ പാഷണ്ഡതകളോടുള്ള പോരാട്ടം, പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനത്തിന്റെ ഭീഷണി, അവിഞ്ഞോൺ പേപ്പസിയുടെ ഇരുണ്ട കാലഘട്ടം, പാപ്പായെ തിരഞ്ഞെടുക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം - ഇങ്ങനെ നീണ്ടു പോകുന്നു വൈതരണികൾ. എന്നാൽ നരകകവാടങ്ങൾ പ്രബലപ്പെടുവാൻ ദൈവത്തിൻെറ പരിശുദ്ധാത്മാവ് അനുവദിച്ചില്ല. സഭയുടെ വിജയഗാഥ ഇന്ന് ലിയോ പതിനാലാമൻ മാർപാപ്പയിൽ എത്തിനിൽക്കുന്നു.

''എല്ലാവരും ഒന്നാകേണ്ടതിന്'' എന്ന ക്രിസ്തുസൂക്തം വിഭജനകാലഘട്ടം മുതൽക്കേ സഭയുടെ മുദ്രാവാക്യമാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ "ഐക്യത്തിന്റ പ്രവാചകൻ" ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിനെ, 1930 സെപ്തംബർ 20 ന്, കത്തോലിക്കാ സഭയിലേക്ക് ആശ്ലേഷിച്ചുകൊണ്ട്, പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ സഭൈക്യത്തിന്റെ പ്രഘോഷകനായി. ആധുനിക കാലഘട്ടത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ലോകമെമ്പാടുമുള്ള ക്രൈസ്തവ ഐക്യത്തിനും നവീകരണത്തിനും വഴിതുറന്നു. 104 രാജ്യങ്ങൾ സന്ദർശിച്ച് എക്യുമെനിസം പ്രോത്സാഹിപ്പിച്ചത് അദ്ദേഹത്തിന്റെ ബ്രഹത്തായ സംഭാവനയാണ്. മലങ്കര കത്തോലിക്കാസഭയെ സ്വയംഭരണ അവകാശമുള്ള ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയത്, ഭിന്നിച്ചു നിൽക്കുന്ന സഭകൾക്ക് ഐകൃത്തിലേക്ക് വരുവാനുള്ള ആഹ്വാനമായി. ബെനഡിക്ട് പതിനാറാമൻ മാർപ്പാസംബന്ധമായ അടിത്തറയിൽ ഊന്നി

ക്കൊണ്ട്, പൗരസ്ത്യ സഭകൾക്ക് അർഹമായ പ്രാധിനിത്യം ഉറപ്പാക്കി. സിറോ-മലങ്കര സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായെ കർദിനാളായി ഉയർത്തിക്കൊണ്ട്, മലങ്കരയെ മാർപാപ്പായെ തെരഞ്ഞെടുക്കുന്ന

**സമിതിയുടെ ഭാഗമാക്കി.**

2013-ൽ, ഫ്രാൻസിസ് മാർപ്പാപ്പാ തെരഞ്ഞെടുക്കപ്പെട്ടത് കത്തോലിക്കാ സഭയുടെ ഒരു സുവർണ്ണ കാലഘട്ടത്തിന്റെ നാന്ദിയായിരുന്നു. വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും മതങ്ങൾക്കും ഇടയിൽ ഐക്യം ഊട്ടിയുറപ്പിക്കുന്നതിനും, എക്യുമെനിക്കൽ സംവാദങ്ങളോട് ആത്മാർത്ഥമായ സമീപനം സ്വീകരിക്കുന്നതിനും പാപ്പാ നേതൃത്വം കൊടുത്തു. കിഴക്കൻ ഓർത്തഡോക്സ് സഭകളുടെ അധ്യക്ഷൻമാരുമായി സംഭാഷണങ്ങൾ നടത്തുക, പ്രധാന എക്യുമെനിക്കൽ സ്ഥലങ്ങൾ സന്ദർശിക്കുക, കൂട്ടായ പ്രാർത്ഥനകൾ നയിക്കുക എന്നിവയുൾപ്പെടെയുള്ള സുപ്രധാന എക്യുമെനിക്കൽ സംരംഭങ്ങളിൽ ഫ്രാൻസിസ് പാപ്പാ ഏർപ്പെട്ടിട്ടുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പിൻഗാമിയെ സംബന്ധിച്ച അഭ്യൂഹങ്ങൾ അനവധിയായിരുന്നു. പൊതുസമൂഹത്തിന്റെ കണക്കുകൂട്ടലുകൾ ആയിരുന്നില്ല ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തിരഞ്ഞെടുപ്പ്. അമേരിക്കൻ പൗരത്വമുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രേവോസ്റ്റ്, പോപ്പ് ലിയോ പതിനാലാമനായി തെരഞ്ഞെടുക്കപ്പെട്ടു. അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിന്റെ ആത്മീയതയും, ആഗോള പ്രേക്ഷിത പ്രവർത്തനാനുഭവത്തിന്റെ പിൻബലവും, ദൈവവിജ്ഞാനത്തിലെ അധ്യാപന മികവും, വത്തിക്കാൻ കൂരിയയിലെ നേതൃപാടവവും എല്ലാം സമഞ്ജസമായി സമ്മേളിച്ച വ്യക്തിത്വം.

2014-ൽ മെത്രാനായപ്പോൾ സ്വീകരിച്ച ആപ്തവാക്യം, "In Illo uno unum" (ആ ഏകതയിൽ നമ്മൾ ഒന്നാകുന്നു), പാപ്പാ നിലനിർത്തി. സഭാപിതാക്കന്മാരിൽ സഭകളുടെ ഐക്യത്തെപ്പറ്റിയുള്ള ഏറ്റവും വിപുലമായ പ്രബോധനം വിശുദ്ധ അഗസ്റ്റിന്റേതാണ്. അദ്ദേഹത്തിന്റെ ഉല ഡിശമേലേ ഋരരഹലശെമല (സഭയുടെ ഐക്യത്തെപ്പറ്റി) എന്ന പ്രബന്ധം ഈ വിഷയം കൈകാര്യം ചെയ്യുന്നു. വിഭജിതമായ ക്രിസ്തുവിന്റെ ശരീരം അതിൽത്തന്നെ ഒരു വിരോധാഭാസമാണെന്ന് അഗസ്റ്റിൻ ഉദ്ഘോഷിച്ചു. ഈ പ്രബോധനം ലിയോ പതിനാലാമൻ മാർപാപ്പയെ ഏറെ സ്വാധീനിച്ചു എന്നത് വ്യക്തം.

പരിശുദ്ധ പിതാവ് ലിയോ എന്ന പേര് സ്വീകരിച്ചത് ആകസ്മികമാണ് എന്ന് കരുതാൻ തരമില്ല. ലിയോ പതിമൂന്നാമൻ മാർപ്പാപ്പയുടെ സഭൈക്യ ദർശനം തന്നിലൂടെ തുടരുവാനുള്ള നിശ്ചയദാർഢ്യം ഇവിടെ നമുക്ക് വായിച്ചെടുക്കുവാൻ സാധിക്കും.

1896-ൽ ലിയോ പതിമൂന്നാമൻ പോപ്പ് പ്രസിദ്ധീകരിച്ച 'Satis Cognitum' എന്ന ചാക്രിക ലേഖനം, സഭയുടെ ഐക്യത്തെ സംബന്ധിച്ച ആധികാരിക പ്രബോധനമാണ്. സഭയുടെ ദൃശ്യവും ആത്മീയവുമായ വശങ്ങൾ, പത്രോസിന്റെ പിൻഗാമിയുടെ ദൗത്യം എന്നിവ ഇവിടെ വിശകലനം ചെയ്യുന്നു. വിശുദ്ധീകരണം, ഭരണം, പ്രബോധനം എന്നീ ത്രിവിധദൗത്യങ്ങൾ സഭയിൽ നിക്ഷിപ്തമാണ്. ക്രിസ്തു സ്ഥാപിച്ച സഭ ഏകമാണെന്നും, ഈ ഐക്യം രക്ഷയ്ക്ക് അത്യന്താപേക്ഷിതമാണെന്നും ഇവിടെ ഊന്നിപ്പറയുന്നു. സഭയ്ക്ക് പുറത്തുള്ളവർ മടങ്ങിവരാനുള്ള ക്ഷണം ആവർത്തിച്ചുകൊണ്ട്, ഐക്യത്തിനായുള്ള സഭയുടെ തീവ്രമായ ആഗ്രഹം പാപ്പാ പ്രകടിപ്പിക്കുന്നു.

ലിയോ പതിനാലാമൻ പാപ്പാ, തന്റെ നാമം തിരഞ്ഞെടുത്തതിലും ഏകതയുടെ ആപ്തവാക്യം സ്വീകരിച്ചതിലും അദ്ദേഹത്തിന്റെ നയം വ്യക്തമാണ്. വിശുദ്ധ അഗസ്റ്റിന്റെ മൂശയിൽ സ്ഫുടം ചെയ്ത പാപ്പാ,

സഭൈക്യത്തിന് നൽകുന്ന പ്രത്യാശ വളരെ വലുതാണ്. പാപ്പായുടെ പ്രഥമ അഭിമുഖം പൗരസ്ത്യ സഭയ്ക്ക് നൽകിയത് ശ്രദ്ധേയമാണ്.

2025 മെയ് 18 ന് സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന സ്ഥാനാരോഹണ കുർബാനയിൽ, ലിയോ പതിനാലാമൻ മാർപ്പാപ്പ തന്റെ നയപ്രഖ്യാപനം നടത്തുന്നു.

സ്നേഹവും ഐക്യവുമാണ് യേശു പത്രോസിനെ ഏൽപ്പിച്ച ദ്വിവിധ ദൗത്യങ്ങൾ. ഒരു ഏകീകൃത സഭയാണ് പത്രോസിന്റെ പിൻഗാമി എന്ന പദവിയിൽ താൻ ആഗ്രഹിക്കുന്നത്. ഏക ക്രിസ്തുവിൽ, നമ്മൾ ഒന്നാണ്. സമാധാനം വാഴുന്ന ഒരു പുതിയ ലോകം കെട്ടിപ്പടുക്കുന്നതിന്, നമുക്കിടയിൽ മാത്രമല്ല, നമ്മുടെ

www.malankaralibrary.com





സഹോദര ക്രിസ്ത്യൻ സഭകളുമായും, മറ്റ് മതപാതകൾ പിന്തുടരുന്നവരുമായും, ദൈവത്തെ അന്വേഷിക്കുന്നവരുമായും, സന്മനസ്സുള്ള ഏവരുമായും ഒരുമിച്ച് പിന്തുടരേണ്ട പാതയാണിത്. നമ്മുടെ ചെറിയ ഗ്രൂപ്പുകളിൽ നമ്മെത്തന്നെ സ്വയം അടച്ചുപൂട്ടുകയോ ലോകത്തേക്കാൾ നാം ശ്രേഷ്ഠരാണെന്ന് തോന്നുകയോ ചെയ്യരുത്. വ്യത്യാസങ്ങൾ ഇല്ലാതാക്കാതെ, ഓരോ വ്യക്തിയുടെയും വ്യക്തിപരമായ ചരിത്രത്തെയും, ഓരോ ജനതയുടെയും സാമൂഹികവും മതപരവുമായ സംസ്കാരത്തെയും വിലമതിക്കുന്ന ആ ഐക്യം കൈവരിക്കുന്നതിനായി, എല്ലാവർക്കും ദൈവത്തിന്റെ സ്നേഹം അർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. സ്നേഹത്തിന്റെയും ഒരുമയുടെയും ദൂത് ഇതിലും ശക്തമായി എപ്രകാരം പ്രകടിപ്പിക്കുവാനാകും.

പാപ്പാ ലിയോ പതിനാലാമന്റെ നേതൃത്വത്തിൽ, ഏകതയുടെ ദിശയിലേക്ക് സഭ മുന്നേറട്ടെ. സഭയ്ക്കുള്ളിലും,

സഭാന്തരവും മതാന്തരവുമായ സംവാദങ്ങളിലും, ലോക രാഷ്ട്രങ്ങളുമായുള്ള ബന്ധത്തിലും ഐക്യത്തിന്റെയും

ശാന്തിയുടെയും ഒരു പുതുയുഗം പുലരട്ടെ.

## Congratulations



അമേരിക്കയിലെ ഒഹായിയോ സംസ്ഥാനത്തെ യൂണിവേഴ്സിറ്റിയായ യൂണിവേഴ്സിറ്റി ഓഫ് ടൊലീഡോ മികച്ച വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ 'ടവർ ഓഫ് എക്സലൻസ്' അവാർഡിന് മലയാളിയായ അമല ബാബു തോമസ്. അബുദാബിയിൽ താമസിക്കുന്ന പത്തനംതിട്ട അടൂർ സ്വദേശികളായ ബാബു കെ തോമസിന്റെയും ലിനിയുടെയും ഏക മകളും മാവേലിക്കര രൂപതയിലെ തുവയൂർ വെസ്റ്റ് ഇടവകാംഗവുമാണ് അമല.

## ഉപകാരസ്മരണ



**ഒരു വിശ്വാസി**

www.malankaralibrary.com



മെയ് 29
നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ


RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-5-2025

Christavakahalam Monthly, JUNE 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം.
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും....

# ക്രൈസ്തവ കാഹളം




വായിക്കുക ◆ പ്രചരിപ്പിക്കുക ◆ വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com